# Hello Hope
# ഹലോ ഹോപ്പ്

---Hope Harbour for Believers---

For Private circulation only

GULF EDITION

Issue No.18, November 2018 Published by: Phoenix Publishing House, Kerala, India | Licence# RNI No.KERMAL/2017/469833/ERN


# നിവരെ നിൽക്കുന്ന മനുഷ്യപ്പലകകൾ




ഇവാ. സാബു മാത്യു


ദൈവത്തിന്റെ സൃഷ്ടിപ്പിൽ ഏറ്റവും ശ്രേഷ്ഠമേറിയ ഒന്നായിരുന്നു മനുഷ്യന്റെ സൃഷ്ടിപ്പ്. ഈ മനുഷ്യനുവേണ്ടിയാണ് ദൈവം ഈ ലോകത്തിൽ കാണുന്നതെല്ലാം സൃഷ്ടിച്ചത്. മനുഷ്യനെ സൃഷ്ടിച്ചതുകൊണ്ട് മനുഷ്യനുമായുള്ള ബന്ധം തീരുന്നില്ല.

പ്രസ്തുത ദൈവം തന്റെ സ്വന്തം സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിച്ച മനുഷ്യനുമായി സംസർഗ്ഗത്തിനും അവരുടെ നടുവിൽ വസിപ്പാനും ആഗ്രഹിച്ച ദൈവം അവരെ തന്റെ തോട്ടമായ ഏദനെ കാപ്പാനും വേല ചെയ്യുവാനും അവർ അനുഷ്ഠിക്കേണ്ട നിയമവും കല്പിച്ചു. എന്നാൽ സാത്താൻ അവരെ വഞ്ചിച്ചതിനാൽ പാപം അവരിൽ പ്രവേശിച്ചു. അവർ ദൈവകല്പനകൾ ലംഘിച്ചു. തൽഫലമായി ദൈവം അവരെ തോട്ടത്തിൽ നിന്ന് വെളിയിലാക്കി. ദൈവം മനസ്സലിവുള്ള ദൈവമാകയാൽ വീണ്ടും തന്റെ ജനത്തിന്റെ നടുവിൽ വസിക്കേണ്ടതിന് പല പദ്ധതികളും ഉണ്ടാക്കി. അതിൽ ഒന്നായിരുന്നു മരുഭൂമിയിലെ ആലയം അഥവാ സമാഗമനകൂടാരം.

ഞാൻ അവരുടെ നടുവിൽ വസിക്കുവാൻ അവർ എനിക്ക് ഒരു വിശുദ്ധ മന്ദിരം ഉണ്ടാക്കണം. തിരുനിവാസവും അതിന്റെ ഉപകരണങ്ങളും ഞാൻ കാണിക്കുന്ന മാതൃകപ്രകാരമൊക്കെയും തന്നെ ഉണ്ടാക്കേണം - പുറ. 25:8, 9. ദൈവകൂടാരം ഖദിരമരം കൊണ്ട് പണിയണം എന്നതായിരുന്നു ദൈവകല്പന. മനുഷ്യനെ മരത്തോട് സാദൃശ്യപ്പെടുത്തി തിരുവചനത്തിൽ പറയുന്നു (ന്യായാ. 9:8-15, മത്താ. 3:10). മനുഷ്യന്റെ ആളത്വത്തിന്റെ സകല വൈകല്യവും വ്യക്തമാക്കുന്നതായിരുന്നു ഖദിരമരം. തിരുനിവാസ നിർമ്മാണത്തിനു ദൈവം തിരഞ്ഞെടുത്തതു കറുത്ത ആരുള്ളതും, പിരിഞ്ഞതും, ഭംഗിയില്ലാത്തതും, കടുപ്പം കൂടിയതും, തടിയിലും കായിലും മുള്ളുകളാൽ സമീപത്തുപോലും അടുക്കുവാൻ പറ്റാത്തതും മരുഭൂമിയിൽ വളരുന്നതുമായ ഒരു വൃക്ഷമായിരുന്നു ഖദിരമരം.

ചന്ദനം, ഈട്ടി, തേക്ക് മുതലായ വിലയുള്ളതും സുഗന്ധം വീശുന്ന മരം നിൽക്കെ എന്തുകൊണ്ട് ഖദിരമരം തിരഞ്ഞെടുത്തു എന്നു ചോദിക്കാം. എന്നാൽ വചനത്തിന്റെ അടിസ്ഥാനത്തിൽ നമ്മെക്കുറിച്ചുള്ള ദൈവീക ഉദ്ദേശം എന്തെന്ന് മനസ്സിലാക്കുവാൻ സാധിക്കും. 'തിരുനിവാസത്തിന് ഖദിരമരം കൊണ്ടു നിവർന്നു നിൽക്കുന്ന പലകകളും ഉണ്ടാക്കേണം' (പുറ. 26:15).

പാപികളും, ദോഷികളും, കാഴ്ചയിലും പെരുമാറ്റത്തിലും ദൈവദൃഷ്ടിയിൽ യാതൊരു ഗുണവും ഇല്ലാത്തതും ഈ ദുഷ്ടലോകത്തിൽ ജനിച്ച് ജീവിച്ച് ഒരു ദിവസം ഈ നശ്വരലോകം വിട്ടു നശിച്ചുപോകുന്ന പാപികളെ ആകുന്നു തിരുനിവാസമായ യേശുക്രിസ്തുവിന്റെ സാക്ഷികളായി ശോഭിക്കുവാൻ ദൈവം തിരഞ്ഞെടുത്തത്.

കൂടാരപണിയ്ക്ക് ആവശ്യമായ ഖദിരമരം ശേഖരിപ്പാൻ മോശെ ഏതാനും പേരുമായി ഖദിരമരം നിൽക്കുന്ന സ്ഥലത്തു പോയി ആവശ്യത്തിനുള്ള തടി മാർക്ക് ചെയ്തു. തടിവെട്ടുകാർ മുറിച്ചിട്ടു, അറപ്പുകാർഅറുത്തു, ആശാരിമാർ തുല്യ നീളത്തിലും വീതിയിലും നാൽപ്പത്തെട്ടു പലകകൾ മുറിച്ചെടുത്തു മിനുക്കി, പൊന്നു പണിക്കാർ പലകകൾ എല്ലാം പൊന്നു കൊണ്ട് പോതിഞ്ഞു.


.....ശേഷം 11 -ാം പേജിൽ


# കത്തിജ്വലിക്കേണ്ട കൈതിരികൾ




ടീയെസ് കപ്പമാംമൂട്ടിൽ


ആത്മീയ മർമ്മങ്ങളുടെ സുവർണ്ണഖനിയാണ് പഴയനിയമത്തിലെ 'സമാഗമനകൂടാരം'. നാല്പത് സംവത്സരങ്ങൾ നീണ്ടുനിന്ന മരുഭൂമിയിലൂടെയുള്ള യാത്രയ്ക്കിടയിൽ പകൽ മേഘസ്തംഭവും രാത്രി അഗ്നിസ്തംഭവും ഭക്ഷിപ്പാൻ സ്വർഗ്ഗീയ ഭോജനമായ മന്നയും പ്രദാനം ചെയ്ത് തന്റെ ജനമായ യിസ്രായേലിനെ അത്യുന്നതനായ ദൈവം പരിപാലിച്ചു. എന്നാൽ സ്വന്ത പ്രവൃത്തികളിലൂടെ ആ ദൈവത്തെ യിസ്രായേൽ ജനം നിരന്തരമായി പ്രകോപിപ്പിച്ചുകൊണ്ടിരുന്നു.

സീനായി പർവ്വതത്തിൽ യാഹാം ദൈവത്തിന്റെ മുമ്പിൽ സാഷ്ടാംഗം വീണു നമസ്കരിച്ച മോശെക്ക് ഒരു അപേക്ഷ മാത്രമാണ് തിരുമുമ്പിൽ സമർപ്പിക്കുവാനുണ്ടായിരുന്നത്. ദുശ്ശാഠ്യമുള്ള യിസ്രായേൽ ജനത്തിന്റെ അകൃത്യങ്ങൾ ക്ഷമിച്ച് അവരുടെ മദ്ധ്യേ നടകൊള്ളുവാൻ അവിടുന്നു പ്രസാദിക്കണം (പുറ. 34:9). എന്നാൽ മോശെയുടെ ആ അപേക്ഷ സ്വീകരിക്കുന്നതിന് തടസ്സമായിരുന്ന വസ്തുതയിലേക്ക് യാഹാം ദൈവം വിരൽ ചൂണ്ടുന്നു.

'നിങ്ങൾ ദുശ്ശാഠ്യമുള്ള ജനമാകുന്നു; ഞാൻ ഒരു നിമിഷനേരം നിന്റെ നടുവിൽ നടന്നാൽ നിന്നെ സംഹരിച്ചു കളയും...' (പുറ. 33:5).

സങ്കീർണ്ണമായ ഈ പ്രതിസന്ധിക്ക് പരിഹാരമേകിയ ദൈവിക ആശയമായിരുന്നു സീനായി പർവ്വതത്തിൽ വെച്ച് അവിടുന്ന് മോശെക്ക് നൽകിയ സമാഗമനകൂടാരത്തിന്റെ മാതൃക. ഈ കൂടാരത്തിന്റെ പ്രാധാന്യത്തിലേക്ക് വെളിച്ചം വീശുന്നതാണ് ഡച്ച് വംശജനായ ദൈവശാസ്ത്ര പണ്ഡിതനായ ഹെർമെൻ വിറ്റ്സിയെസിന്റെ വാക്കുകൾ.

'ഭൂമിയേയും അതിലുള്ളവയേയും ആറു ദിവസങ്ങൾ കൊണ്ടാണ് ദൈവം സൃഷ്ടിച്ചത്. എന്നാൽ സമാഗമനകൂടാരം പണിയുവാൻ ആവശ്യമുള്ള നിർദ്ദേശങ്ങൾ മോശെക്ക് നൽകുവാൻ അവിടുന്ന് നാല്പതു ദിവസങ്ങളാണ് ചെലവഴിച്ചത്. കഷ്ടിച്ച് (ബൈബിളിലെ) ഒരദ്ധ്യായത്തിലധികം മാത്രമാണ് ഭൂമിയുടെ ഘടനയെക്കുറിച്ച് വിവരിക്കുവാൻ ആവശ്യമായി വന്നത്. എന്നാൽ സമാഗമനകൂടാരത്തെക്കുറിച്ച് വിവരിക്കുവാൻ ആറ് അദ്ധ്യായങ്ങൾ ആവശ്യമായി വന്നു.

പുണ്യസ്ഥാനമെന്ന നിലയിൽ സമാഗമനകൂടാരത്തിന് തിരുവചനത്തിൽ സുപ്രധാനമായ സ്ഥാനം തന്നെയുണ്ട്. ഈ ആലയത്തിലെ ഏഴു ഉപകരണങ്ങളിൽ ഈടുറ്റ ആത്മീയ മർമ്മങ്ങൾ ഉൾക്കൊള്ളുന്ന ഉപകരണമാണ് നിലവിളക്ക്. നിലവിളക്കിലെ ദീപങ്ങൾ ഒരു സാഹചര്യത്തിലും അണഞ്ഞു പോകുവാൻ ഇടയാകരുത്. അവ നിരന്തരം കത്തിക്കൊണ്ടിരിക്കണം.

യാഹാം ദൈവം നിലവിളക്കിനോടുള്ള ബന്ധത്തിൽ മോശെക്കു നൽകിയ ഏറ്റവും സുപ്രധാനമായ കല്പനയാണിത് (ലേവ്യ. 24:2). ദീപങ്ങൾ അണയാതെ കാത്തുസൂക്ഷിക്കുവാൻ യിസ്രായേലിന്റെ ദൈവം ഒരു നിർദ്ദേശവും മുമ്പോട്ടു വെയ്ക്കുന്നു. സമാഗമനകൂടാരത്തിലേക്ക് യിസ്രായേൽ മക്കൾ ദാനമായി കൊണ്ടു വരുന്ന ഇടിച്ചെടുത്ത തെളിവുള്ള ഒലിവെണ്ണയായിരിക്കണം നിലവിളക്കിന് ഇന്ധനമായി ഉപയോഗിക്കേണ്ടത്.


.....ശേഷം 15 -ാം പേജിൽ


## HH കുഞ്ഞാപ്പി & ഇന്നാമ്മ



# പുത്രനെക്കുറിച്ചുള്ള പുതിയ വെളിപ്പാട്...

## EDITORIAL



രാജീവ് സ്റ്റ്യുവർട്ട്

മനുഷ്യൻ പൂർണ്ണവും ആത്യന്തികവുമായി പരാജയപ്പെടുമ്പോൾ, യഥാസ്ഥാനപ്പെടുത്തുന്നതിനുള്ള ദൈവത്തിന്റെ വഴി തന്റെ പുത്രനെ സ്വർഗ്ഗീയമായും ആത്മീകമായും ഒരു പുതിയ വിധത്തിൽ അവതരിപ്പിക്കുക എന്നുള്ളതാണ്. ഓരോ നീക്കത്തിന്റേയും ദൈവത്തിന്റെ ഉത്തരം എല്ലായ്പ്പോഴും അവന്റെ പുത്രനിലാണെന്ന് ഓർക്കുക. നാം ദൈവത്തെ പൂർണ്ണ ഹൃദയത്തോടെ അന്വേഷിക്കാതിരിക്കുമ്പോഴും ദൈവം തന്നെപ്പറ്റിയുള്ളതെല്ലാം തന്റെ പുത്രനിൽ കരുതിയിരിക്കുന്നു. ദൈവപുത്രനായ യേശുക്രിസ്തുവിനെ കൂടാതെ ദൈവത്തെപ്പറ്റി അറിയുവാനോ ദൈവത്തിൽ നിന്ന് എന്തെങ്കിലും പ്രാപിപ്പാനോ കഴിയുകയില്ല.

മേഘത്തെ അനുഗമിക്കുമ്പോൾ ചിലപ്പോൾ പ്രയാസകരമായ സാഹചര്യങ്ങളിൽകൂടി കടന്നുപോകേണ്ടി വരും. പക്ഷേ അത് എപ്പോഴും നമ്മുടെ നന്മയ്ക്കാണ്. ചിലപ്പോൾ നന്മ പിന്തുടർന്നിട്ടുള്ളപ്പോൾ തന്നെ വേദന നാം അനുഭവിക്കേണ്ടി വന്നിട്ടില്ലേ? എന്തു കൊണ്ടാണത്? മിസ്രയീമുമായി (ലോകം) എനിക്കുള്ള ബന്ധത്തിന്റെ ഫലമാണ് ആ മുറിവ്. നാം ദൈവത്തെ പിന്തുടരുമ്പോൾ അങ്ങനെ മുറിവ് ഉണ്ടാകുന്നത്, ക്രിസ്തു അല്ലാത്ത സകലവും എന്നിൽ നിന്ന് നീക്കികളയുവാൻ ദൈവം തീരുമാനിച്ചിരിക്കുന്നതുകൊണ്ടാണ്. ദൈവം എന്നിലേക്കും നിങ്ങളിലേക്കും നോക്കുമ്പോൾ ക്രിസ്തുവിനെ അല്ലാതെ വേറെ ഒന്നും കാണുവാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് ക്രിസ്തുവിന്റേത് അല്ലാത്ത സകലത്തേയും നമ്മിൽ നിന്ന് നീക്കികളയുവാനാണ് ദൈവത്തിന്റെ പരിശ്രമം മുഴുവനും. ഇത് നാം മനസിലാക്കിയിരിക്കണം അല്ലെങ്കിൽ ദൈവം ചെയ്യാത്ത കാര്യത്തിന്, നാം അവനെ കുറ്റം ചുമത്തും. നാം മേഘത്തെ പിന്തുടരുമ്പോൾ അനുഭവപ്പെടുന്ന മുറിവ് മിസ്രയീമിൽ നിന്ന് (ലോകത്തിൽ നിന്ന്) നമുക്ക് കിട്ടിയ മനോഭാവം കൊണ്ടുണ്ടായ മുറിവാണ്. ദൈവം അത് കൈകാര്യം ചെയ്യും. ആ മനോഭാവത്തെ കൈകാര്യം ചെയ്യുന്നതുവരെ ദൈവം നമ്മെ യോർദ്ദാനക്കരെ ഗിൽഗാലിലേക്ക് കൊണ്ടുപോകുകയില്ല.

നാം മിസ്രയീമിൽ നിന്ന് കൊണ്ടുവന്ന കൈപ്പിനോടും ഹൃദയകാഠിന്യത്തോടുമുള്ള ദൈവത്തിന്റെ പ്രതികരണം എപ്പോഴും തന്റെ പുത്രനെ പറ്റിയുള്ള ഒരു പുതിയ വെളിപ്പാടാണ്. വെളിപ്പാടിനാൽ മാത്രമേ ക്രിസ്തുവിനെ അറിയുവാൻ കഴിയുകയുള്ളൂ. ദൈവപുത്രനിൽ നിറയപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയെപ്പറ്റി എന്തെങ്കിലും അറിയുന്നതിനോ, അതിൽ നിന്ന് എന്തെങ്കിലും പ്രാപിക്കുന്നതിനോ, പരിശുദ്ധാത്മാവ് ആന്തരികമായി വെളിപ്പെടുത്തി തരാതെ സാദ്ധ്യമല്ല. യോഹന്നാന്റെ സുവിശേഷത്തിന്റെ മദ്ധ്യത്തിൽ, ജന്മനാ അന്ധനായ ഒരുവനെ കാണാം. അവൻ ഒരിക്കലും ഒന്നും കണ്ടിട്ടില്ല. അവന് നഷ്ടപ്പെട്ട കാഴ്ച മടക്കി കിട്ടുകയല്ല, ആദ്യമായി കാഴ്ച ലഭിക്കുകയാണ്. അവൻ ഊഹിക്കുന്നതോ ഭാവന ചെയ്യുന്നതോ എന്തായാലും, യഥാർത്ഥ കാഴ്ച എന്നത് ഒരു പുതിയ സംഗതിയാണ്. ഉള്ളിൽ നടക്കുന്ന അത്ഭുതത്താൽ അല്ലാതെ ഒന്നും കാണാൻ പോകുന്നില്ല. ദൈവം വെളിപ്പെടുത്തി തരാതെ നാം ഒന്നും അറിയാനും പോകുന്നില്ല.

എന്തെങ്കിലും ആവശ്യത്തോട് ബന്ധപ്പെട്ടല്ലാതെ വെളിപ്പാട് ലഭിയ്ക്കുകയില്ല. ആവശ്യത്തോട് ബന്ധപ്പെട്ട പ്രായോഗിക ചുറ്റുപാടുകളിലാണ് ദൈവം തന്റെ പുത്രനെ വെളിപ്പെടുത്തുന്നത്. പുതിയ നിയമം എന്നത് പ്രായോഗികമായ ഒരു പുസ്തകമാണ് കാരണം അത് പ്രയാസമേറിയ ചുറ്റുപാടുകളിൽ ഉണ്ടായതാണ്. അതുകൊണ്ട് ക്രിസ്തുവിനെക്കുറിച്ചുള്ള ഒരു പുതിയ വെളിപ്പാട് ലഭിക്കണമെങ്കിൽ നാം പുതിയ നിയമ സാഹചര്യങ്ങളിലേക്ക് വന്നേ മതിയാവൂ. സ്വർഗ്ഗത്തിൽ നിന്ന് എന്തെങ്കിലും ഉത്തരം ലഭിക്കാതെ അവിടെനിന്നും മുന്നോട്ടും പിന്നോട്ടും പോകാൻ കഴിയാത്ത അവസ്ഥ, അവിടെയാണ് നാം ക്രിസ്തുവിനെക്കുറിച്ചുള്ള ഒരു പുതിയ വെളിപ്പാട് പ്രാപിക്കുന്നത്. അവിടെ നാം സിദ്ധാന്തത്തിലല്ല, ക്രിസ്തു എന്ന വ്യക്തിയിലാണ് ആശ്രയിക്കുന്നത്. ദൈവം ആദ്യം ഒരു പുസ്തകം എഴുതുകയല്ല ചെയ്തത് (നമുക്ക് ബൈബിൾ ഉണ്ടെന്നത് ശരി തന്നെ), ദൈവം ആദ്യം ഒരു വ്യക്തിയെ നമുക്ക് തരുകയാണ് ചെയ്തത്.

ദൈവം തന്നെക്കുറിച്ചുള്ള വെളിപ്പാട് തന്റെ പുത്രന്റെ വ്യക്തിത്വത്തിലാണ് എഴുതിയിരിക്കുന്നത്. ദൈവപുത്രന്റെ വ്യക്തിത്വത്തിലല്ലാതെ സ്വർഗ്ഗത്തിന്റെ ഘടന നമുക്ക് ലഭിക്കുകയില്ല. ദൈവം തന്നെക്കുറിച്ചുള്ള അറിവ് പ്രായോഗിക സാഹചര്യങ്ങളോട് ബന്ധപ്പെടുത്തി ക്രിസ്തുവിൽ സൂക്ഷിച്ചിരിക്കുന്നു എന്ന് മറക്കരുത്. നാം ദൈവത്തിന്റെ കരങ്ങളിലാണെങ്കിൽ പരിശുദ്ധാത്മാവ് നമ്മെ ഒരു പുതിയ വെളിപ്പാടിലേക്ക് നയിക്കും.

പുത്രനെക്കുറിച്ചുള്ള ഒരു വെളിപ്പാട് ആവശ്യമായ സാഹചര്യങ്ങളിൽ, രണ്ടുകാര്യങ്ങളിൽ ഒന്നു സംഭവിക്കുന്നു. ഒന്നുകിൽ യാഥാർത്ഥ്യത്തിന്റെ ഒരു അനുകരണം നാം കണ്ടുപിടിക്കും. അല്ലെങ്കിൽ നാം ഒരു പുതിയ വെളിപ്പാട് കിട്ടുംവരെ ദൈവത്തെ ജാഗ്രതയോടെ അന്വേഷിക്കും. കഠിനവും പ്രയാസവുമേറിയ ജീവിതവഴികളിൽ ക്രിസ്തുവിന്റെ ഒരു പുതിയ വെളിപ്പാടിനായി ദൈവത്തോട് ചോദിക്കാം. ദൈവം അത് നൽകിതന്ന് നമ്മെ ജയോത്സവമായി നടത്തും.




Pastor T. T. Thomas, (President, IPC Bahrain) and Leela Thomas celebrated their 50th Wedding Anniversary along with marking 55 blessed years of Pastor T.T. Thomas in Bahrain.

***“Athmavinodu Poradunna Andhakara Shakthikal” (ആത്മാവിനോടു പോരാടുന്ന അന്ധകാരശക്തികൾ),*** the first book of Pastor T. T. Thomas was also released during the function on 30th October 2018 at New Indian School Auditorium, Bahrain. Various community leaders and people from different walks of life attended the gathering.





"Stood up upon their feet, an exceeding great ARMY!"
*Ezekiel 37:10*

"We are all one in Christ"
presents

# LEADERSHIP AND SPIRITUAL WARFARE



Guest Speaker:
**Rev. T.J. Samuel**
General Secretary,
Assemblies of God, India

## Date:
## 3 - 4 December 2018
## (Monday & Tuesday)
## Time: 7pm

At
## Gulf Air Club
## Salmabad
Kingdom of Bahrain




All are Welcome

For details, contact:
**3663 6169 · 3913 5010 · 3641 0551**

For private circulation only

# ദണ്ഡനോപാധികൾ

തിരശ്ശീല ക്കപ്പുറം... 9



ജിജോ അങ്കമാലി

നരകവാസികളെ ദണ്ഡിപ്പിക്കാനായി ഏതെല്ലാം തരത്തിലുള്ള ദണ്ഡനോപാധികളാണ് ഉള്ളത് എന്നതും താല്പര്യജനകമായ ഒരന്വേഷണമാണ്. ഒന്നല്ല ഒന്നിലധികം തരത്തിലും വിധത്തിലുമുള്ള ദണ്ഡനോപാധികളാണ് നരകത്തിലുള്ളത് എന്ന് തിരുവെഴുത്ത് വ്യക്തമാക്കുന്നുണ്ട്. അവ എല്ലാം തെളിവായ് പറഞ്ഞിട്ടില്ലെങ്കിലും ചുരുക്കം ചില കാര്യങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ടെന്നു മാത്രമല്ല ആയവ നരകത്തിന്റെ ഭയാനകതയും തീവ്രതയും വെളിപ്പെടുത്തുവാൻ ഉപകരിക്കുന്നുതുമാണ്. 5 ദണ്ഡനോപാധികളെങ്കിലും നരകത്തിൽ ഉണ്ടാകുമെന്ന് മനസ്സിലാക്കുന്നു.

## 1. തീയ്

പ്രമുഖവും പ്രധാനവുമായ് നാം കാണുന്ന ഒന്നാമത്തെ ദണ്ഡനോപാധിയാണ് തീ. എന്നാൽ നരകത്തിൽ കാണുന്ന തീ ഭൂമിയിൽ കാണുന്ന തീയിൽ നിന്നും തീർത്തും വ്യത്യസ്തമാണ്. കാരണം ഭൂമിയിലെ തീ ദഹിപ്പിക്കാനും നശിപ്പിക്കാനുമായ് ഉപയോഗിക്കുമ്പോൾ നരകത്തിലെ തീ ദണ്ഡിപ്പിക്കാനായിട്ടാണ് ഉപയോഗിക്കുന്നത്. ഭൂമിയിലെ തീയെല്ലാം കെട്ടുപോകുന്ന തരത്തിലുള്ളതാണ് എന്നാൽ നരകത്തിലേത് കെടാത്ത തീയാണ് (മർ. 9: 44). അതുകൊണ്ടാണ് ഇതിനെ നിത്യാഗ്നി (മത്താ.25: 41) എന്ന് പറയുന്നത്. കാരണം അവിടത്തെ ദണ്ഡനങ്ങളും നിലക്കാത്തതാണ്. ആയതിനാലാണ് നിത്യദണ്ഡനം (മത്താ.25: 46) എന്ന് പറയുന്നത്. അഗ്നിനരകം (മർ.9: 47), തീപൊയ്ക (വെളി.20: 14–15) എന്നീ പ്രയോഗങ്ങളും നരക തീവ്രതയെ എടുത്തു കാണിക്കുന്നു.

നരകത്തിലെ നിത്യാഗ്നി, നിത്യ ദണ്ഡനം ചെയ്യുന്നതുകൊണ്ടാണ് ‘തീ കൊണ്ട് ഉപ്പിടും’ (മർ.9: 49) എന്ന് പറയുന്നത്. അർത്ഥാൽ സാധനങ്ങൾ കേടുവരാതവണ്ണം ഏതു വിധത്തിൽ ഉപ്പ് ഉപകരിക്കുന്നുവോ അതേ വിധത്തിൽ നരകത്തിൽ വന്ന് പതിക്കുന്നവർ കത്തിത്തീരാതെ സൂക്ഷിക്കത്തക്ക ശക്തിയും ഈ തീക്കുണ്ട്. കത്തി എരിയും പക്ഷെ കത്തി നശിക്കില്ല.

## 2. ഗന്ധകം

നരകാഗ്നിയുടെ ശക്തിയും വേദനയുടെ തീവ്രതയും വർദ്ധിപ്പിക്കുക എന്നതാണ് ഗന്ധകത്തിന്റെ ദൗത്യം. ’അഗ്നി ഗന്ധകങ്ങളിൽ ദണ്ഡനം അനുഭവിക്കേണ്ടിവരും’ എന്ന് നാം വായിക്കുന്നു (വെളി.14: 10). പണ്ടുതന്നെ ഒരു ദഹനസ്ഥലം ഒരുക്കീട്ടുണ്ടല്ലോ. അവൻ അതിനെ ആഴവും വിശാലവും ആക്കിയിരിക്കുന്നു. അതിന്റെ ചിതയിൽ വളരെ തീയും വിറകും ഉണ്ട്. യഹോവയുടെ ശ്വാസം ഒരു ഗന്ധകനദി പോലെ അതിനെ കത്തിക്കും (യെശ.30: 33).

## 3. പുഴുക്കൾ

നരകാഗ്നിയിൽ പുഴുക്കൾ ജീവിക്കുമോ എന്ന സംശയം ന്യായമായും ഉണ്ടാകാം. എന്നാൽ ’അവിടെ അവരുടെ പുഴു ചാകുന്നില്ല, തീ കെടുന്നുമില്ല’ (മർ.9: 48–49) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ലൂസിഫർ ആകാശത്തു നിന്ന് വെട്ടേറ്റ് നരകത്തിൽ വീണപ്പോഴുള്ള അനുഭവം പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. ‘നിന്റെ കീഴെ പുഴുക്കളെ വിരിച്ചിരിക്കുന്നു. കൃമികൾ നിനക്ക് പുതപ്പായിരിക്കുന്നു’ (യെശ.14: 11).

ആധുനിക ശാസ്ത്രജ്ഞന്മാരുടെ കണ്ടെത്തൽ അനുസരിച്ച് 105–250 ഡിഗ്രി ഊഷ്മാവിനെപ്പോലും അതിജീവിക്കുവാൻ കഴിയുന്ന ബാക്ടീരിയകൾ ഉണ്ട് എന്ന് മാത്രമല്ല തിളച്ചുമറിയുന്ന ലാവയിൽ, ലാവ തിന്ന് വളരുന്ന പുഴുക്കളുണ്ടെന്നും അവർ സ്ഥിരീകരിക്കുന്നു. അങ്ങനെ എങ്കിൽ നരാഗ്നിയിൽ തീ തിന്ന് ജീവിക്കുന്ന പുഴുക്കളുണ്ടാകാം. നരകത്തിൽ വന്ന് വീഴുന്നവരെ പുഴുക്കൾ പുതപ്പുപോലെ മൂടുകയും ദണ്ഡിപ്പിക്കുകയും ചെയ്യും.

## 4. പുക

നരകവാസികളുടെ ദണ്ഡന തീവ്രതയിൽ അസഹ്യത വർദ്ധിപ്പിക്കാനായിട്ടാണ് പുക ഉള്ളത്. ‘അവരുടെ ദണ്ഡനത്തിന്റെ പുക എന്നന്നേക്കും പൊങ്ങും’ (വെളി.14: 11). അവൻ അഗാധകൂപം തുറന്നു, ഉടനെ പെരുഞ്ചൂളകളിലെ പുകപോലെ കൂപത്തിൽ നിന്നു പൊങ്ങി. കൂപത്തിന്റെ പുകയാൽ സൂര്യനും ആകാശവും ഇരുണ്ടുപോയി (വെളി.9: 2). തീയും, പുകയും, പുഴുക്കളും, കൃമികളും നിറഞ്ഞ സ്ഥലത്തെ ദണ്ഡനം എത്രയോ ഭയാനകരം.

## 5. ഇരുട്ട്

തീയുള്ളിടത്ത് എങ്ങനെയാണ് ഇരുട്ട് ഉണ്ടാവുക എന്ന സംശയവും ഉയർന്നേക്കാം. എന്നാൽ തീയും ഇരുട്ടും ഒരുമിച്ച് ഒരിടത്തായിരിക്കില്ല എന്ന് നാം മനസിലാക്കണം. നരകത്തിന്റെ ഒരു ഭാഗത്ത് ഇരുട്ടുള്ളപ്പോൾ മറ്റൊരു ഭാഗത്ത് തീയുണ്ടാകും. പുറ.10: 22–23 -ൽ മിസ്രയീമിൽ മൂന്നുദിവസത്തേക്ക് കൂരിരുട്ടുണ്ടായി. എന്നാൽ യിസ്രായേൽ മക്കളുടെ പാളയങ്ങളിൽ വെളിച്ചമുണ്ടായിരുന്നു.

‘ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്ക് തള്ളയിടും’ (മത്താ.8: 12). കൊള്ളരുതാത്ത ദാസനെ ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്ക് തള്ളികളവിൻ (മത്താ.25: 30). പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധതമസ്സിന്റെ ചങ്ങലയിട്ടു നരകത്തിലാക്കി ന്യായവിധിക്കായ് കാപ്പാൻ ഏല്പിച്ചു (2 പത്രോ.2: 4) എന്നീ വാക്യങ്ങൾ ഇരുട്ടിന്റെ തീവ്രത എടുത്തു കാണിക്കുന്നു.

‘സ്പർശിക്കത്തക്ക ഇരുട്ട്’ എന്നാണ് മിസ്രയീമിലെ ഇരുട്ടിനെ വിശേഷിപ്പിക്കുന്നത്. എന്നു പറഞ്ഞാൽ ഒരു ഭിത്തിപോലെ കട്ടിയായ കൂരിരുട്ട്. തന്മൂലം പരസ്പരം കാണാനോ, സഞ്ചരിക്കാനോ പറ്റാത്ത നിലയിൽ ‘അന്ധതമസ്സിലെ ചങ്ങല’ പോലെയുള്ള ബന്ധനാവസ്ഥയിൽ ദണ്ഡിപ്പിക്കപ്പെടും.

***സംഗ്രഹം:*** പഞ്ചവിധ ദണ്ഡനോപാധികളെക്കുറിച്ച് മാത്രമെ തിരുവെഴുത്ത് പറയുന്നുള്ളൂ. എന്നാൽ അതിൽ കൂടുതൽ കണ്ടേക്കാം. ഇവ അഞ്ചും ഒരുമിച്ച് ഒരിടത്ത് ആകണമെന്നും നിർബന്ധമില്ല. നരകം വിശാലമായ ഇടമാണ്. നരകത്തിൽ വ്യത്യസ്ഥ ഇടങ്ങളിൽ വ്യത്യസ്ഥ ദണ്ഡനോപാധികളായിരിക്കാം ഉപയോഗിക്കുന്നത്. കാരണം ദുഷ്ടന്മാർക്ക് കൊടുക്കുന്നു ശിക്ഷാ ക്രമത്തിലും രീതിയിലും വ്യത്യാസങ്ങൾ കണ്ടേക്കാം.

ഓരോരുത്തന് അവനവന്റെ പ്രവർത്തിക്കടുത്ത ന്യായവിധിയാണ് ദൈവം കൊടുത്തത് (വെളി.20: 12–13). തെറ്റുകളുടെ വലുപ്പചെറുപ്പമനുസരിച്ച് ശിക്ഷ രീതികൾക്കും വ്യത്യാസങ്ങൾ കണ്ടേക്കാം. നരകം ഒന്നാണെങ്കിലും ദണ്ഡനോപാധികളും ദണ്ഡന ഇടങ്ങളും ദണ്ഡന രീതികളും ഓരോരുത്തരെ സംബന്ധിച്ച് വ്യത്യസ്ഥങ്ങളാകും. പക്ഷേ എല്ലാം നിത്യമാണ്.

ഏറ്റവും ചെറിയ ദണ്ഡനം പോലും കരച്ചിലും പല്ലുകടിയിലും തീവ്രവേദനയിലും തുടരുന്നു എന്നറിഞ്ഞുകൊണ്ടാണ് ‘ചിലരെ തീയിൽ നിന്ന വലിച്ചെടുത്തു രക്ഷിപ്പിൻ’ എന്നു യൂദ ബുദ്ധി ഉപദേശിക്കുന്നത് (യൂദ :23). ഒരാളെ എങ്കിലും എരിയുന്ന തീയിൽ നിന്നും വലിച്ചെടുക്കാനായ് താങ്കൾ താങ്കൾ എന്തെങ്കിലും ഒന്ന് ചെയ്യുമോ?

---

## PROMISE & COMMAND OF THE MONTH

### PROMISE

***അപ്പൊ.പ്രവൃത്തികൾ 16:31***

*കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും എന്നു അവർ പറഞ്ഞു.*

### COMMAND

***യെശയ്യാവ് 58:6***

*അന്യായബന്ധനങ്ങളെ അഴിക്കുക; നുകത്തിന്റെ അമിക്കയറുകളെ അഴിക്കുക; പീഡിതരെ സ്വതന്ത്രരായി വിട്ടയക്ക; എല്ലാ നുകത്തേയും തകർക്കുക; ഇതല്ലയോ എനിക്കു ഇഷ്ടമുള്ള ഉപവാസം?*

---

## GREEK Vocabulary



Pastor Wilson Cherian

| | Greek | Transliteration | Meaning | Reference |
|---|---|---|---|---|
| 1 | διδωμι | didōmi | to give | Galatians 1:4 |
| 2 | ἐξαιρεω | exaireō | to delliver | Galatians 1:5 |
| 3 | εἰμι | eimi | I am | Galatians 1:6 |
| 4 | θαυμάζω | thaumazō | I wonder | Galatians 1:6 |
| 5 | μετατίθημι | metatithēmi | to transfer or change | Galatians 1:6 |





ഇവാ. സാം തോമസ്, കണ്ണൂർ

66 പുസ്തകങ്ങൾ അടങ്ങിയ ബൈബിളിനെ പഴയനിയമം എന്നും പുതിയനിയമം എന്നും രണ്ടായി തരംതിരിച്ചിരിക്കുന്നു. അവ യഥാക്രമം 39 ഉം 27 ഉം പുസ്തകങ്ങൾ ചേർന്നതാണ്.

### പുതിയനിയമ വിഭജനം :

1. 4 സുവിശേഷങ്ങൾ -മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ
2. ചരിത്രപുസ്തകം - അപ്പൊസ്തല പ്രവൃത്തികൾ
3. 21 ലേഖനങ്ങൾ - റോമർ മുതൽ യൂദാ വരെ
4. പ്രവചനം - വെളിപ്പാട്

പുതിയനിയമ എഴുത്തുകാർ എഴുതിയ പുസ്തകത്തിന്റെ എണ്ണം.

മത്തായി - 1
മർക്കോസ് - 1
ലൂക്കോസ് - 2
യോഹന്നാൻ - 5
പൗലോസ് - 14
യാക്കോബ് - 1
പത്രോസ് - 2
യൂദാ - 1

ഈ 8 പേർ ചേർന്നും, സില്വാനൊസും തെർത്തോസും (1 പത്രോസ് 5:12, റോമർ 16:22) ചേർന്നാണ് പുതിയനിയമം എഴുതിയത്. ഇതിൽ പത്രൊസും യോഹന്നാനും യേശുവിന്റെ ശിഷ്യന്മാരാണ്. 21 ലേഖനത്തിൽ 14 ലേഖനം എഴുതിയ പൗലോസിനെ ദൈവം സ്വർഗ്ഗീയ ദർശനത്തിൽ വിളിച്ചു വേർതിരിച്ചതാണ്. യാക്കോബും യൂദയും യേശുവിന്റെ അർദ്ധസഹോദരന്മാരാണ്. പൗലോസ് തന്റെ ലേഖനങ്ങളിൽ വിശ്വാസത്തെക്കുറിച്ച് വിവരിക്കുമ്പോൾ പത്രോസ് തന്റെ ലേഖനങ്ങളിൽ പ്രത്യാശയെക്കുറിച്ച് വിവരിക്കുന്നു. യോഹന്നാൻ തന്റെ എഴുത്തുകളിൽ സ്നേഹത്തിനു പ്രാധാന്യം നൽകുമ്പോൾ യാക്കോബ് തന്റെ ലേഖന




ത്തിൽ പ്രവൃത്തിയെക്കുറിച്ചു വിവരിക്കുന്നു. മാത്രമല്ല യൂദാ തന്റെ ലേഖനത്തിൽ വിശ്വസ്തതയ്ക്ക് ഊന്നൽ നൽകുന്നു.

### ലേഖനം എഴുതിയ കാലഘട്ടം :

യുദാ എ.ഡി 66-67 കാലഘട്ടത്തിൽ തന്റെ ലേഖനം എഴുതിയെന്ന് ഒരു കൂട്ടർ വിശ്വസിക്കുമ്പോൾ മറ്റൊരു വിഭാഗം എ.ഡി 75-ൽ എഴുതിയെന്ന് വാദിക്കുന്നു. ഈ രണ്ടു കൂട്ടർക്കും വ്യക്തമായ തെളിവുകൾ ഒന്നുമില്ല. യൂദാ 17-ാം വാക്യം ആസ്പദമാക്കി താൻ യെഹൂദാ പശ്ചാത്തലത്തിൽ ഈ ലേഖനം എഴുതി എന്നു മനസ്സിലക്കാം.

### എഴുതിയ സ്ഥലം :

ഭൂരിപക്ഷം വേദപഠിതാക്കളും യൂദാ ഈ ലേഖനം എഴുതിയത് പാലസ്തീനിൽ വെച്ചാണെന്ന് വിശ്വസിക്കുന്നു.

### ലേഖനം എഴുതിയ സാഹചര്യം :

ഇതിനെക്കുറിച്ച് ലേഖകൻ തന്നെ വ്യക്തമാക്കുന്നുണ്ട്. പൊതുവിലുള്ള രക്ഷയെക്കുറിച്ച് ഒരു ലേഖനം എഴുതുക എന്ന ഉദ്ദേശമായിരുന്നു യൂദായ്ക്ക് ഉണ്ടായിരുന്നത്. എന്നാൽ ദൈവാത്മാവ് തന്നെ മറ്റൊരു വിഷയത്തിലേക്ക് വഴി നടത്തുകയാണ് ഉണ്ടായത് (വാക്യം 3,4). ദൈവസഭയുടെ വിശുദ്ധിയും പരിപാവനതയും തകർക്കുന്ന നിലയിൽ പിശാച് ദുരുപദേശക്കന്മാരെ സഭയിലേക്ക് കടത്തിവിട്ടു. ഇതിനെതിരെ യൂദാ തന്റെ ലേഖനത്തിൽ ആഞ്ഞടിക്കുകയും ദൈവമക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു.

### വായനക്കാർ :

എതെങ്കിലും ഒരു വ്യക്തിക്കൊ, സഭയ്ക്കോ, സമൂഹത്തിനോ എഴുതിയത് അല്ല ഈ ലേഖനം. പിന്നെ ആർക്കാണ് എഴുതിയത് എന്ന് വാക്യം 1-ൽ വ്യക്തമാക്കുന്നുണ്ട്. ഇതിൽ എഴുതിയിരിക്കുന്ന വിഷയം ഒരു പ്രാദേശിക വിഷയം മാത്രമല്ല, വ്യക്തിപരമായ പ്രശ്നവുമല്ല, മറിച്ചൊരു കാലിക പ്രശ്നമാണ് ലേഖകൻ വിശകലനം ചെയ്യുന്നത്. ഇത് വിശുദ്ധന്മാർക്ക് എഴുതിയതാണ് . കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ അന്നും ഇന്നും എന്നുമുള്ള വിശുദ്ധന്മാർക്ക് എഴുതിയതാണ്. പഴയനിയമം നന്നായി അറിയാവുന്നവർക്കാണ് ഈ ലേഖനം എഴുതിയിത്. കാരണം പാപം ചെയ്ത ദൂതന്മാർ, ആദാം, ഹാനോക്ക്, കയീൻ, മോശെ, ബിലെയാം, കോരഹ്, സോദോം ഗോമോറ, മിസ്രയിം തുടങ്ങിയതതിനെക്കുറിച്ച് വ്യക്തമായ പരാമർശങ്ങളുണ്ട് ലേഖനത്തിൽ.

### ലേഖനം എഴുതിയതിന്റെ ഉദ്ദേശം :

ഈ ലേഖനം എഴുതിയതിന്റെ ഉദ്ദേശം പ്രധാനമായും മൂന്ന് കാരണങ്ങളാണ്.

1. ദുരുപദേശക്കന്മാരുടെ സ്വഭാവം മനസ്സിലാക്കി അവർക്കെതിരെ പോരാടുക. ദൈവം അവരെ ന്യായം വിധിക്കും എന്ന് മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തുക.
2. വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനുവേണ്ടി പോരാടുക.
3. വിശ്വാസികൾക്ക് ലഭ്യമായ അതി വിശുദ്ധ വിശ്വാസത്തെ ആധാരമാക്കി തങ്ങൾക്കുതന്നെ ആത്മീക വർദ്ധന വരുത്തുക





ജീമോൻ പഴയിടം
മൂന്നാർ

ദൈവത്തെ വളരെ അധികം സ്നേഹിക്കുകയും ദൈവ വചനത്തെ അനുദിനം വായിച്ച്, ദൈനംദിന ജീവിതത്തിൽ ദൈവത്തിനുള്ള പ്രാധാന്യത്തെ കുറിച്ച് തന്റെ ഏക മകനോടും ഭാര്യയോടും സവിസ്തരം സംസാരിക്കുന്ന ഒരു ദൈവ ഭക്തന്റെ ജീവിതമാണ് നമ്മുടെ ഇന്നത്തെ ചിന്ത.

തന്റെ മകൻ ഒരു ദൈവ പൈതലായി ദൈവത്തെക്കുറിച്ച് അനേക ദേശങ്ങളിൽ പോയി പ്രഗത്ഭ്യത്തോടെ സംസാരിക്കുവാൻ അദ്ദേഹം മകനെ കർശനമായി ബൈബിൾ വായിക്കുവാൻ പ്രേരിപ്പിച്ചു. എന്നാൽ മകനാകട്ടെ ശൂന്യതയിൽ നിന്ന് ദൈവവാക്കിനാൽ ഉളവാക്കിയ പ്രപഞ്ചോൽപ്പത്തി മുതൽ എല്ലാ എഴുത്തുകളേയും ശുദ്ധ അസംബന്ധം എന്ന് പറഞ്ഞ് നിഷേധിക്കുകയും തനിക്കറിയാവുന്ന ശാസ്ത്രീയ വസ്തുതകളെ പിതാവിനെ പറഞ്ഞു ബോധ്യപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു.

ഭൂമിശാസ്ത്രപരമായ പഠനത്തിൽ കൂടുതൽ മികവ് പുലർത്തുവാൻ മകൻ വിദേശത്തേക്ക് യാത്ര പുറപ്പെട്ടു. ദുഃഖാർത്തനായി തന്റെ സഫലീകരിക്കാത്ത ആഗ്രഹവുമായി അച്ഛൻ ആ വീട്ടിൽ കഴിച്ചു കൂട്ടി. മാസങ്ങൾക്കു ശേഷമുള്ള ഒരു ദിനം മകൻ പിതാവിന്റെ ഫോണിലേക്ക് വിളിച്ച് അത്യധികം ആഹ്ലാദത്തോടെ ഇപ്രകാരം പറഞ്ഞു 'പപ്പ എന്നെ പഠിപ്പിക്കാൻ ശ്രമിച്ച ബൈബിളിലെ ഓരോ കാര്യങ്ങളും വളരെ സത്യമായിരുന്നു. നൂറ്റാണ്ടുകൾക്കു മുമ്പ് ഞാൻ താമസിക്കുന്ന ഈ രാജ്യം വെള്ളമായിരുന്നു. പപ്പ പറഞ്ഞ നോഹയുടെ കാലത്തെ വെള്ളപ്പൊക്കവും ഭൂമിയുടെ നാശനഷ്ടവുമെല്ലാം ശാസ്ത്രീയ പരമായും സത്യം തന്നെ. അതിനെ വിശ്വസിക്കാതിരുന്ന ഞാനെത്ര ബുദ്ധിഹീനൻ'. മകൻ പിതാവിനോട് വളരെ അധികം പറഞ്ഞ് വിലപിച്ചു.

ഫോൺ വച്ച ശേഷം പിതാവ് താൻ ദിനംതോറും വായിച്ചിരുന്ന ബൈബിളെടുത്ത് മുകളിലേക്ക് നോക്കി നെഞ്ചിനാഞ്ഞിടിച്ച് ഇപ്രകാരം പറഞ്ഞു 'ദൈവമേ അപ്പൊ ഈ പുസ്തകത്തിലെഴുതി പിടിപ്പിച്ചിരിക്കുന്നതെല്ലാം ശരിയാ അല്ലേ'.

ഒരൽപ്പം രസകരമായി തോന്നുമെങ്കിലും നമ്മുടേയും വിശ്വാസജീവിതം ഇങ്ങനെ തന്നെയല്ലേ? എന്റെ പിതാക്കന്മാർ ഇങ്ങനെ തന്നെ മുമ്പോട്ടു പോയി അതുകൊണ്ട് ഞാനും ഇങ്ങനെ പോകുന്നു. പലപ്പോഴും നമ്മുടെ ആത്മഗതം ഇങ്ങനെയാണ്. ഒഴുക്കിൽപ്പെട്ട് അതിനനുസരിച്ച് പോകുന്ന പൊങ്ങുതടി പോലെ. അനേക പ്രാവിശ്യം ദൈവത്തെ കുറിച്ച് പറഞ്ഞ് നാം മുന്നോട്ട് പോയിരിക്കാം.

പക്ഷെ ഒരിക്കലെങ്കിലും ദൈവത്തെ അറിഞ്ഞ് നാം മറ്റുള്ളവരോട് സംസാരിച്ചിട്ടുണ്ടോ? ദൈവത്തെ ജീവിതത്തോട് ചേർത്ത് സാന്നിദ്ധ്യത്തെ അറിഞ്ഞവന് ഒന്നിലും സംശയമില്ല.

ദൈവ വചന പഠനത്തിൽ ആഴത്തിൽ വേരൂന്നി വചന സത്യങ്ങളിൽ ആഴമുള്ള അനുഭവങ്ങളെ കണ്ടെത്തുവാൻ നമുക്ക് കഴിയട്ടെ. അപ്പൊസ്തലനായ പൗലോസ് കൊരിന്ത്യ സഭയ്ക്ക് എഴുതിയ രണ്ടാം ലേഖനത്തിന്റെ മൂന്നാം അദ്ധ്യായം മൂന്നാം വാക്യത്തിൽ ഇപ്രകാരം പറയുന്നു ഞങ്ങളുടെ ശുശ്രൂഷയിൽ ഉണ്ടായ ക്രിസ്തുവിൻ പത്രമായി നിങ്ങൾ വെളിപ്പെടുന്നുവല്ലോ. അത് മഷി കൊണ്ടല്ല ജീവനുള്ള ദൈവത്തിന്റെ ആത്മാവിനാൽ അത്രേ...

# ശാസ്ത്ര - സാങ്കേതിക വിദ്യകളുടെ കുതിച്ചുചാട്ടങ്ങൾ

1



തോമസ് ജോസഫ്

മനുഷ്യന്റെ ശാസ്ത്രീയമായ അറിവുകൾ വർദ്ധിക്കുകയും കഴിഞ്ഞ നൂറ്റാണ്ടിൽ സ്വപ്നങ്ങൾ ആയിരുന്ന പലതും ഇന്ന് നമ്മുടെ കൺമുമ്പിൽ യാഥാർത്ഥ്യങ്ങൾ ആയിത്തീരുകയും ചെയ്യുന്നു. വിവരസാങ്കേതികവിദ്യ, വാർത്താവിനിമയം, ഗതാഗതം, ആരോഗ്യപരിപാലനം, ബഹിരാകാശപര്യവേഷണങ്ങൾ എന്നിവയിലെല്ലാം ഈ തുതിപ്പ് കാണാൻ കഴിയും. കഴിഞ്ഞ നൂറ്റാണ്ടിൽ ചന്ദ്രനിൽ കാലുകുത്തിയ മനുഷ്യന്റെ ഇപ്പോഴത്തെ ലക്ഷ്യം ചൊവ്വയെ കീഴടക്കുക എന്നതാണ്. വികസ്വര രാജ്യമായ ഭാരതം ചന്ദ്രയാൻ, മംഗൾയാൻ ദൗത്യങ്ങളിലൂടെ ഈ രംഗത്ത് ചുവടുവെക്കുമ്പോൾ , അമേരിക്കയെപ്പോലുള്ള മുന്നോക്ക



രാജ്യങ്ങൾ മനുഷ്യനെ ചൊവ്വയിൽ എത്തിക്കാനുള്ള ശ്രമത്തിലാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ സൗരോർജ്ജം കൊണ്ട് വഴിവിളക്കുകൾ പ്രകാശിപ്പിച്ച മനുഷ്യൻ ഇപ്പോൾ സൗരോർജ്ജ വാഹനങ്ങൾ വിപണിയിൽ എത്തിക്കാനുള്ള തിരക്കിലാണ്. ചില വർഷങ്ങൾക്ക് മുമ്പ് ആളില്ലാ വിമാനങ്ങൾ പറത്തിയവർ ഡ്രൈവറില്ലാ വാഹനങ്ങൾ നിരത്തിലിറക്കാൻ തുടങ്ങുന്നു. കൃത്രിമ മഴയും കൃത്രിമ തണലും ഒരുക്കുന്നതിൽ വിജയിച്ചവർ കൃത്രിമ ചന്ദ്രനെ നിർമ്മിക്കുവാൻ ഒരുങ്ങുകയാണ്.

ബഹിരാകാശ സാധ്യതകൾ കഴിവതും ഉപയോഗപ്പെടുത്താറുള്ള ചൈനയുടെ പുതിയ പദ്ധതിയാണ് കൃത്രിമ ചന്ദ്രൻ. വഴിവിളക്കുകൾക്ക് പകരം കൃത്രിമ ചന്ദ്രനിൽ നിന്ന് ചൈനീസ് നഗരങ്ങൾക്ക് രാത്രിയിൽ പ്രകാശം നൽകാനാണ് ഉദ്ദേശിക്കുന്നത്. വഴിവിളക്കുകൾ ഒഴിവാക്കുന്നതിലൂടെ ചെലവ് ഗണ്യമായി കുറയ്ക്കാൻ കഴിയും എന്നതാണ് ഈ പദ്ധതിയുടെ നേട്ടം. സൂര്യപ്രകാശം പ്രതിഫലിപ്പിക്കുന്ന കൃത്രിമ ഉപഗ്രഹമാണ് (illumination satelite) ബഹിരാകാശത്ത് എത്തിക്കുന്നത്. ആദ്യത്തെ ഉപഗ്രഹം 2020-ൽ ചൈനയിലെ ചെങ്ദു നഗരത്തിൽ നിന്ന് 500 കീലോമീറ്റർ മുകളിൽ എത്തിക്കുവാനും അത് വിജയമെങ്കിൽ രണ്ട് കൃത്രിമ ചന്ദ്രനെക്കാൾ എട്ടിരട്ടി വെളിച്ചമുള്ള ഒരു കൃത്രിമ ചന്ദ്രൻ 50-80 ചതുരശ്ര കിലോമീറ്റർ പ്രദേശത്ത് പ്രകാശം പരത്തും. ഇതിലൂടെ ആദ്യഘട്ടത്തിൽ തന്നെ പ്രതിവർഷം 17 കോടി (170 million) ഡോളർ ലാഭിക്കാമെന്ന് കരുതുന്നു. പ്രകൃതി ദുരന്തങ്ങൾ സംഭിവിക്കുമ്പോൾ കൃത്രിമ ചന്ദ്രനിലെ വെളിച്ചം ആ പ്രദേശത്തേക്ക് കേന്ദ്രീകരിക്കാനും അതിലൂടെ രാത്രിയിലും രക്ഷാപ്രവർത്തനങ്ങൾ സുഗമമായി തുടരുവാനും കഴിയും. എന്നാൽ, രാത്രിയെ പകലാക്കുന്ന ഈ പദ്ധതിയെ ആശങ്കയോടെയാണ് പരിസ്ഥിതി പ്രവർത്തകർ നോക്കികാണുന്നത്. ഭൂമിയിലെ ആവാസ വ്യവസ്ഥയെ ഇത് ദോഷകരമായി ബാധിക്കുമെന്ന് അവർ കരുതുന്നു. പ്രത്യേകിച്ച് രാത്രി സഞ്ചാരികളായ ജീവികളുടെ നിലനിൽപ്പ് തന്നെ അപകടത്തിലാകുമെന്ന് ഭയപ്പെടുന്നു.

കൃത്രിമ ഉപഗ്രഹങ്ങളെ ബഹിരാകാശത്ത് എത്തിക്കാൻ മനുഷ്യന് ഇപ്പോൾ കഴിയുന്നുണ്ടെങ്കിലും അവയെല്ലാം ഒന്നിച്ച് ഭൂമിയിൽ പതിക്കുന്ന ഒരു ദിവസം വരുന്നുണ്ട്. 'അത്തിവൃക്ഷം പെരുങ്കാറ്റുകൊണ്ട് കുലുങ്ങിയിട്ട് കായ് ഉതിർക്കുന്നതുപോലെ ആകാശത്തിലെ നക്ഷത്രങ്ങൾ ഭൂമിയിൽ വീണു' (വെളി.6: 13) എന്ന് യോഹന്നാൻ പറയുന്നു. യഥാർത്ഥ നക്ഷത്രങ്ങൾ ഭൂമിയെക്കാൾ വളരെ വലിപ്പമുള്ളവ ആയതിനാൽ അവയെക്കുറിച്ചല്ല ഇവിടെ പറയുന്നതെന്ന് അനുമാനിക്കാം. വിവിധ രാജ്യങ്ങൾ വിക്ഷേപിക്കുന്ന ധാരാളം കൃത്രിമ ഉപഗ്രഹങ്ങൾ ബഹിരാകാശത്തുണ്ട്. അവ താഴേക്ക് പതിക്കുമ്പോൾ വായു മണ്ഡലത്തിൽ ഉരസി തീപിടിച്ചു കത്തുന്നതുകൊണ്ടാകും യോഹന്നാൻ അവയെ നക്ഷത്രങ്ങളായി കാണുന്നത്. മനുഷ്യന്റെ സകല ശാസ്ത്ര നേട്ടങ്ങളുടേയും ഗതി ഇതുതന്നെ ആയിരിക്കും. കൃത്രിമ ഉപഗ്രഹങ്ങൾ വിക്ഷേപിക്കുന്നതോടൊപ്പം ബഹിരാകാശ നിലയങ്ങൾ സ്ഥാപിക്കുന്നതിനും കാലങ്ങളായി പല രാജ്യങ്ങൾ ശ്രദ്ധിച്ചിരുന്നു. സൈനികവും സൈനികേതരവുമായ ആവശ്യങ്ങൾക്ക് ഈ നിലയങ്ങൾ ഉപയോഗപ്പെടുത്തുന്നു. പല രാജ്യങ്ങൾ ചേർന്ന് സ്ഥാപിച്ച അന്താരാഷ്ട്ര ബഹിരാകാശ നിലയവും (International Space Station) 1998 മുതൽ ഭൂമിയിൽ നിന്ന് 330 കിലോമീറ്റർ ഉയരത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. വിവിധ രാജ്യങ്ങളുടെ ബഹിരാകാശ സഞ്ചാരികൾ അവിടെ എത്തി, ആറ് മാസം വരെ താമസിച്ച് ബഹിരാകാശ പഠനങ്ങളും നിരീക്ഷണങ്ങളും നടത്തുന്നു. റോക്കററിന്റേയും ബഹിരാകാശ പേടകത്തിന്റേയും സഹായത്തോടെയാണ് അവർ ഇപ്പോൾ അവിടെ എത്തുന്നത്. എന്നാൽ ഒരുപടികൂടെ കടന്ന്, ഭൂമിയിൽ നിന്ന് ബഹിരാകാശത്തിലേക്ക് ഒരു ലിഫ്റ്റ് (elevator) സ്ഥാപിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തിനത്തിലാണ് ജപ്പാൻകാർ ഇപ്പോൾ. 2050-ൽ ഈ പദ്ധതി യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് അവർ കരുതുന്നു. ഇതിലൂടെ ബഹിരാകാശ യാത്രയുടെ ചിലവ് ഗണ്യമായി കുറക്കാൻ കഴിയും ഉരുക്കിനേക്കാൾ 100 മടങ്ങ് കരുത്തുള്ള നാനോട്യൂബാണ് (carbon nano technology) ലിഫ്റ്റായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നത്. ഭൂമിയിൽ നിന്ന 36,000 കിലോമീറ്റർ ഉയരത്തിൽ ഒരു ബഹിരാകാശ നിലയവും അതിൽ ഒരു ഹോട്ടലും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. വിനോദ സഞ്ചാരികളായ യാത്രക്കാർക്ക് ലിഫ്റ്റിലൂടെ അവിടെവരെ മാത്രമെ പോകുവാൻ കഴിയുകയുള്ളൂ. എന്നാൽ, ഗവേഷകർക്കും ബഹിരാകാശ സഞ്ചാരികൾക്കും ഭൂമിയിൽ നിന്ന് 96,000 കിലോമീറ്റർ ഉയരത്തിൽ സ്ഥാപിക്കുന്ന മുകളിലത്തെ നിലയിൽ എത്താൻ കഴിയും വിധത്തിലാണ് ഇത് വിഭാവനം ചെയ്യുന്നത്. കാന്തിക പ്രതലത്തിലൂടെ (magnetic linear system) അതിവേഗത്തിൽ സഞ്ചരിക്കുന്ന റോബോട്ടിക്ക് കാറിൽ ഒരേസമയം 30 യാത്രക്കാരെ ഏഴ് ദിവസം കൊണ്ട് മുകളിലത്തെ നിലയത്തിൽ എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്.

ജലപ്രളയാനന്തരം ഉളവായ ജനസമൂഹം ആകാശത്തോളം എത്തുന്ന ഒരു ഗോപുരം പണിയുവാനും അതിലൂടെ തങ്ങൾക്ക് ഒരു പേരുണ്ടാക്കുവാനും ശ്രമിച്ചത് ഉൽപ്പത്തി പതിനൊന്നാം അദ്ധ്യായത്തിൽ കാണുന്നു. എന്നാൽ ദൈവം അവുടെ ഭാഷ കലക്കിയതുകൊണ്ട് അവർ തമ്മിൽ കലഹിക്കുകയും പണി ഉപേക്ഷിച്ച് ഭൂതലത്തിൽ വിവിധ ദിക്കുകളിലേക്ക് ചിതറുകയും ചെയ്തു. ജപ്പാൻകാരുടെ പണിയും അങ്ങനെ ആയിത്തീരുമോ എന്ന് കാത്തിരുന്ന് കാണാം. അവർ 32 വർഷങ്ങൾക്കു ശേഷം ബഹിരാകാശ ലിഫ്റ്റിലൂടെ മുകളിൽ എത്താമെന്ന് പ്രതീക്ഷിക്കുമ്പോൾ ലിഫ്റ്റിനേയൊ റോക്കറ്റിന്റേയൊ ബഹിരാകാശ പേടകത്തിന്റേയൊ സഹായമില്ലാതെ ഏത് നിമിഷത്തിലും ഉയരങ്ങളിൽ എത്താം എന്ന പ്രത്യാശയിൽ ജീവിക്കുന്നവരാണ് ദൈവമക്കൾ. നമ്മുടെ കർത്താവിന്റെ മടങ്ങിവരവിൽ രൂപാന്തര ശരീരികൾ ആയിത്തീരുന്ന നമുക്ക് കർത്താവിന്റെ അടുത്തെത്തുവാൻ ഭൗതികമായ യാതൊന്നിന്റേയും സഹായം ആവശ്യമില്ല. ബഹിരാകാശ ലിഫ്റ്റിന്റെ പണി തീരുംമുമ്പ് തന്നെ നാം ബഹിരാകാശം കടന്ന് സ്വർഗ്ഗീയ സീയോനിൽ എത്തിച്ചേരും എന്ന് പ്രത്യാശിക്കുന്നു.

## MEPC ANNUAL CONVENTION 2018

മിഡിൽ ഈസ്റ്റ് പെന്തക്കോസ്തൽ ചർച്ചിന്റെ (MEPC) വാർഷിക കൺവെൻഷൻ നവംബർ മാസം 26,27,28 എന്നീ തീയതികളിൽ വൈകുന്നേരം 7:15 മുതൽ 9:30 വരെ സെഖയയിലുള്ള അസംബ്ലീസ് ഓഫ് ഗോഡ് ചർച്ചിൽ വെച്ച് നടത്തുന്നു. മുഖ്യ പ്രഭാഷകൻ റവ.റ്റി.ജെ.സാമുവേൽ (ജെനറൽ സെക്രട്ടറി, അസംബ്ലീസ് ഓഫ് ഗോഡ്, ഇൻഡ്യ) ആയിരിക്കും. ഗാനശുശ്രൂഷ MEPC CHOIR നിർവ്വഹിക്കുന്നതായിരിക്കും എന്ന് പ്രസിഡന്റ് പാസ്റ്റർ ജെയ്സൻ കുഴിവിള, സെക്രട്ടറി ബ്രദർ യോഹന്നാൻ പാപ്പച്ചൻ എന്നിവർ അറിയിച്ചു.



റവ.റ്റി.ജെ.സാമുവേൽ

**കൂടുതൽ വിവരങ്ങൾക്ക് :**

**33353205, 37755103**

# സൽഗുണപൂർണ്ണൻ



പാസ്റ്റർ വിനിൽ സി ജോസഫ്

ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ (മത്തായി 5:48).

നാം സകലത്തിലും തികഞ്ഞവരാകേണം എന്ന് ദൈവം ആഗ്രഹിക്കുന്നു. ഏദനിൽ മനുഷ്യന്റെ വീഴ്ചയോടുകൂടെ അനേക പരാജയങ്ങൾ മാനുഷിക ജീവിത്തിൽ സംഭവിച്ചല്ലോ. എന്നാൽ ക്രിസ്തുവിൽ എല്ലാ പാപത്തേയും നമുക്ക് ജയിക്കുവാൻ പറ്റും. ക്രിസ്തുവെന്ന തലയോളം നാം വളരണമല്ലോ. ലൂക്കോസ് 18:18-26 വരെയുള്ള വാക്യത്തിൽ ഒത്തിരി നല്ലസ്വഭാവമുള്ളൊരു പ്രമാണിയെ നമുക്ക് കാണുവാൻ പറ്റും. 10 കല്പനയും ഒരു മടിയും കൂടാതെ ഇദ്ദേഹം അനുസരിച്ചിരുന്നു. എന്നാൽ നിത്യജീവൻ പ്രാപിക്കാൻ എന്തു ചെയ്യണം എന്ന് അദ്ദേഹം കർത്താവിനോട് ചോദിച്ചപ്പോൾ കർത്താവ് ഒരു കുറവ് വെളിപ്പെടുത്തി. അത് ദ്രവ്യാഗ്രഹമായിരുന്നു. 'സൽഗുണപൂർണ്ണൻ ആകുവാൻ ഇച്ഛിക്കുന്നുവെങ്കിൽ നീ ചെന്ന് നിനക്കുള്ളത് വിറ്റു ദരിദ്രർക്ക് കൊടുക്കുക' - മത്തായി 19:21.

കൊലോസ്യ ലേഖനം 1:28-ൽ ഏതു മനുഷ്യനേയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് ഏതു മനുഷ്യനോടു പ്രബോധിപ്പിക്കുകയും സകലജ്ഞാനത്തോടെ ഉപദേശിക്കുകയും വേണമെന്ന് പൗലോസ് അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നു. പലതരത്തിലുള്ള മനുഷ്യരെ പൗലോസ് തന്നെ പരിചയപ്പെടുത്തുന്നുണ്ട്.

***1. അരിഷ്ടമനുഷ്യൻ***
***- റോമർ 7:24***

***2. സാധാരണമനുഷ്യൻ***
***- 1 കൊരിന്ത്യർ 3:4***

***3. ജഡീകമനുഷ്യൻ***
***- 1 കൊരിന്ത്യർ 3:1-4***

***4. പ്രാകൃതമനുഷ്യൻ***
***- 1 കൊരിന്ത്യർ 3:1-4***

***5. ആത്മമനുഷ്യൻ***
***- 1 കൊരിന്ത്യർ 3:1-4***

***6. മൃഗമനുഷ്യൻ***
***- സങ്കീർത്തനങ്ങൾ 49:20***

***7. ദൈവമനുഷ്യൻ***
***- 1 തിമൊഥെയോസ് 6:12***

ഇവരെയെല്ലാം ക്രിസ്തുവിൽ തികവുള്ളവരാക്കുക എന്നതാണ് നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന കടമ. തലയായവനിൽ നിന്നല്ലോ ശരീരം മുഴുവൻ സന്ധികളാലും ഞരമ്പുകളാലും ചൈതന്യം ലഭിച്ചും ഏകീഭവിച്ചും ദൈവീകമായ വളർച്ച പ്രാപിക്കുന്നത്.

1. 2 കൊരിന്ത്യർ 7:1 - നാം വിശുദ്ധിയിൽ തികവുള്ളവരാകണമെന്ന് പ്രബോധിപ്പിക്കുന്നു. ആകയാൽ ജഡത്തിന്റേയും ആത്മാവിന്റേയും കൺമഷം ദൈവഭയത്തിൽ നീക്കികളയണം. സഭകളിലും തലമുറകളിലും നമ്മിൽ ഓരോരുത്തരിലും ദൈവഭയം ഉണ്ടാകണം. എങ്കിലേ അധാത്മികത മാറി വിശുദ്ധിയിൽ തികവ് പ്രാപിക്കാൻ പറ്റത്തൊള്ളു.

2. യാക്കോബ് 1:4 - നാം വിശുദ്ധിയിൽ തികവ് പ്രാപിക്കണം. ശിഷ്യന്മാർ കർത്താവിനോട് ചോദിച്ചത് കർത്താവേ ഞങ്ങളുടെ വിശ്വാസം ഒന്നു വർദ്ധിപ്പിക്കേണമേ എന്നാണ്. സംശയിക്കുന്നവൻ ഒന്നും പ്രാപിക്കുകയില്ല. അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു ദൈവം അത് നീതിയായി കണക്കിട്ടു.

3. യോഹന്നാൻ 17:23 - ഐക്യതയിൽ തികവ് പ്രാപിക്കണം. യോനാഥാനും ദാവീദും ഹൃദയത്തിൽ നിന്നും സ്നേഹിച്ചിരുന്നു. സുവിശേഷവേലയുടെ വിജയം സഭകളുടെ ഐക്യതയും ദൈവമക്കളുടെ പരസ്പര കൂട്ടായ്മയുമാണ്. ഐക്യമത്യം മഹാബലം എന്ന പഴഞ്ചൊല്ലുപോലെ. എല്ലാ ദൈവീകമായ നല്ല സ്വഭാവത്തിൽ നാം വളർന്നാൽ നിശ്ചയമായും ദൈവം അഗ്രഹിക്കുന്ന സൽഗുണപൂർണ്ണനാകാൻ പറ്റും.

# Lock the Door and Look to Heaven in prayer



Jiji, Bahrain

***Luke 18:1 Then He spoke a parable to them that men always ought to pray and not lose heart.***

There are many situations in our life that could make us lose our heart for prayer. If it were not so, then Jesus wouldn't remind us to be vigilant in prayer. On this side of eternity, we are often oppressed, suppressed and maybe even depressed with many of the issues we face. But even with the odds against us, when we are on our knees, the Lord will become more than sufficient enough to meet us at our place of need.

Often times we pray with no results, but instead of blaming God in those moments, we should re-evaluate our prayer life. We should be adamant about pursuing our quality time with God, and make sure that there is no open door for any human or demon to disrupt it. With the advancement in today's technology, we are often crowded with many gadgets. But let me remind you, cell phones are an invasion into our quality time with the Lord. Many times, it has caused us to be distracted in our personal prayer or congregational assembly. It is essential to keep away all your mobiles from your prayer room as you cannot have heavenly communication and human communication at the same time. Let us strive to be diligent in maintaining our prayer life away from the demands of today's technology. Today, as you read this, I urge you to pray for a good prayer life, as I pray for you too.

It is important for us to understand that it is faith that makes prayer work and not prayer that makes faith work. When you enter your room to pray in faith, remember to lock the door behind, as there are many things waiting on the outside that could be a distraction. As our knees touch the ground and our hands thrown up toward heaven, the heavens are opened and we have the privilege to pray beneath the opened heavens. Let us experience the presence of God during our prayer and hear the God's voice audibly. Prayer in not monologue it is a dialogue, it is a two way communication. Spend some time to listen to Him in order to talk to Him. I recommend to have your Bible and a note book along with you during your personal prayer.

Prayer can move mountains and it also strengthens our spiritual inner man to overcome the challenges we encounter in our daily life. Let us have the discerning power to hear the voice of God in this noisy world with its unnecessary sounds and talks. Let us yearn to be sensitive to the voice of Holy Spirit and be obedient to His voice. Even though we are natural people living in a natural world, our Lord being supernatural wants us also to lead supernatural lives. As the children of God, we should seek to identify with His standards and character through Christ.

According to Paul the Apostle, to pray without ceasing is the will of God in Christ Jesus concerning us. (1 Thes 5:17). I wonder how an employee, business man or a house wife can possibly do it. It isn't necessary that you need to spread the prayer mat or be in church or a room to practice it. This is possible as we develop the habit of praying in the Spirit (praying in tongues with His wisdom) all throughout the day even as you drive or work. It changes all our human perceptions and brings supernatural transformation in our prayer life and it also brings tremendous results in many areas of our lives. Once we are in this realm, we transform from prayer worriers to prayer warriors.

God is still looking for someone who is willing to stand in a gap and intercede for many families and nations. Are you be in that gap? Let us not be weary or tired in prayer, but instead let us be enthusiastic and energetic in our prayer life. Peter the apostle mentions about prayer in his epistles even though he slipped to sleep when Jesus asked him to watch and pray. Let us ask God for His mercy and forget our past shortcomings and let us now arise and be awakened from our spiritual sleep. If we wish to experience the rain of the Holy Spirit in Bahrain, let us start praying diligently right now. Our Lord is always good and will answer our prayers, as we earnestly seek His face with the most holy faith.

# ഇടിവിൽ നിന്ന വിശ്വസ്ത ശുശ്രൂഷകൻ - എപ്പഫ്രാസ്






ഡോ. ജോർജ് മാത്യു

‘ദൈവസാന്നിധ്യമുള്ളടത്ത് അല്പവും അധികമാണ്’ എന്ന് എവിടെയൊ വായിച്ചത് ഓർമ്മ വരുന്നു. മേൽപറഞ്ഞ അലപ്ം വ്യക്തിയാകാം പ്രവർത്തിയാകാം അല്ലെങ്കിൽ മനസിലെ താല്പര്യവുമാകാം. കർത്താവിൽ കേന്ദ്രീകൃതവും പരിശുദ്ധാത്മ നിയന്ത്രിതവും സ്നേഹത്തിൽ അടിസ്ഥാനമിട്ടതുമായ ശുശ്രൂഷകൾ നിലനിൽക്കുകയും അനേകരുടെ ആത്മീയപോഷണത്തിനും വളർച്ചയ്ക്കും അവ കാരണമാകുകയും ചെയ്യും. പൗലോസ് അപ്പൊസ്തലന്റെ ലേഖനങ്ങളിലൂടെ യാത്ര ചെയ്യുമ്പോൾ നാം പരിചയപ്പെടുന്ന അനവധി ബഹുമുഖ വ്യക്തിത്വങ്ങളുണ്ട്. ചിലപ്പോൾ പേരു മാത്രം പ്രസ്താവിച്ചിരിക്കുന്നതും മറ്റുചിലപ്പോൾ ഒരു ചെറിയ വാകൃത്തിലൂടേയൊ ലഘുവിവരണത്തിലൂടേയൊ നാം വായിച്ചു ലാഘവത്തോടെ വിട്ടുകളയുന്നതുമായ വ്യക്തികളുമാകാം. ഒരു പക്ഷെ പൗലോസ് അപ്പൊസ്തലന്റെ മിഷണറി യാത്രയിലെ സഹചാരികളും കൂട്ടുവേലക്കാരും സഹഭടന്മാരും വിശ്വസ്ത ശുശ്രൂഷകരും രക്തസാക്ഷികളൊക്കെയുമായി കർത്താവിനുവേണ്ടി എരിഞ്ഞടങ്ങിയ ഈ മഹത് വ്യക്തികളെ നാം മനഃപൂർവ്വമല്ലാതെ മറന്നു പോകുന്നു. അവർ ജീവിച്ചിരുന്ന കാലഘട്ടത്തിലൂടേയും വിവിധ മണ്ഡലങ്ങളിലുള്ള ശുശ്രൂഷകളിലൂടേയും നാം കണ്ണോടിക്കുകയും ധ്യാനിക്കുകയും ചെയ്താൽ നമ്മുടെ ആത്മീയ സാംശീകരണത്തിനും സുവിശേഷവേലയിലുള്ള ഉത്സാഹത്തിനും പരസ്പര സ്നേഹത്തിലൂന്നിയ ക്രിസ്തീയജീവിതത്തിനും മുതൽക്കൂട്ട് ആകുകയും ചെയ്യും എന്നതിന് യാതൊരു സംശയവുമില്ല. തുടർന്നുള്ള ഈ ലേഖന പരമ്പരയിലൂടെ കാലത്തിന്റെ കരിവാളിപ്പ് ബാധിക്കാതെ ഇന്നും തിരുവചനത്തിന്റെ ഏടുകളിൽ ശോഭയോടുകൂടി മറഞ്ഞു കിടക്കുന്ന ആ രത്നങ്ങളെ ഒന്നു പരിചയപ്പെടാൻ നാം ശ്രമിക്കുകയാണ്. പ്രാർത്ഥനയോടും ദൈവാശ്രയബോധത്തോടും അതിലുപരി പരിശുദ്ധാത്മ നിയോഗത്തിലൂടേയും ക്രിസ്തുയേശുവാകുന്ന ശ്രേഷ്ഠപടനായകനെ പ്രസാദിപ്പിച്ച ആ സഹഭടന്മാരെ നമുക്ക് പരിചയപ്പെടുവാനും പഠിക്കുവാനും പരിശ്രമിക്കാം

യേശുക്രിസ്തുവിന്റെ സഹോദരനും ലേഖന രചയിതാവുമായ യാക്കോബ് അപ്പൊസ്തലന് ‘ഒട്ടകമുട്ടുകൾ’ ഉണ്ടായിരുന്നതായി പാരമ്പര്യമായ വാമൊഴികൾ പറയുന്നു. തുടർമാനമായ പ്രാർത്ഥനയാൽ തന്റെ മുട്ടുകൾ നിലത്തുരഞ്ഞ് തഴമ്പിച്ച് കട്ടിയായ അവസ്ഥയിലായിരുന്നതിനാലാണ് അദ്ദേഹത്തെ അപ്രകാരം അറിയപ്പെട്ടിരുന്നത്. കർത്താവിന്റെ മാതൃക പിൻചെന്ന യാക്കോബ് അപ്പൊസ്തലന്റെ ജീവിതം പോലെ പൗലോസ് അപ്പൊസ്തലന്റെ എഫസോസിലെ മൂന്നു വർഷക്കാലത്തെ ശുശ്രൂഷയിൽ കൊലോസ്യ സഭയ്ക്കും സകല ദൈവമക്കൾക്കും മാതൃകയായി ലഭിച്ച ഒരു പ്രാർത്ഥനാ വീരനായിരുന്ന എപ്പഫ്രാസിനെയാണ് നാം ഈ ലേഖനത്തിലൂടെ പരിചയപ്പെടുന്നത്. തിരുവചനത്തിൽ പ്രത്യേകാൽ പുതിയ നിയമത്തിൽ മൂന്നു പ്രാവിശ്യം ലഘുവായി പരാമർശിക്കപ്പെട്ടിട്ടുള്ള ഒരു വ്യക്തിത്വമാണ് എപ്പഫ്രാസ്. ഫിലമോന്റെ ലേഖനത്തിൽ 23-ാം വാക്യത്തിൽ പൗലോസ്, അപ്പൊസ്തലൻ ഇപ്രകാരം എഴുതി ‘ക്രിസ്തുയേശുവിൽ എന്റെ സഹബദ്ധനായ എപ്പഫ്രാസ് നിനക്ക് വന്ദനം ചൊല്ലുന്നു’. പൗലോസ് റോമയിൽ വീട്ടുതടങ്കലിൽ ആയിരുന്നതു കൊണ്ട് സമയത്ത് അപ്പോസ്തലനോടൊപ്പം തടങ്കലിൽ തന്റെ വിശ്വാസവും ക്രിസ്തുവിലുള്ള അചഞ്ചലമായ ഭക്തിയും വെളിപ്പെടുത്തുവാൻ ആ ചെറിയ ഇടവേളയിൽ എപ്പഫ്രാസിന് സാധിക്കയും, അത് പൗലോസ് അപ്പൊസ്തലനുമായി വ്യക്തിപരമായ ഊഷ്മള ബന്ധത്തിനും തുടർന്നുള്ള ശുശ്രൂഷയ്ക്കും പ്രവർത്തനത്തിനും ശക്തി പകരുകയും ചെയ്തു. ക്രിസ്തുവിൽ കൂട്ടുവേലക്കാരനായിരുന്ന ഫിലമോനുമായി വളരെ വ്യക്തിപരമായ ഒരു ബന്ധം പുലർത്തുവാനും എപ്പഫ്രാസിന് കഴിഞ്ഞിരുന്നു. കൊലോസ്യ ലേഖനമാണ് എപ്പഫ്രാസിനെക്കുറിച്ച് കൂടുതൽ വിശദീകരണം നൽകുന്നത്. ഒന്നാം അദ്ധ്യായം 7 ഉം 8 ഉം വാക്യങ്ങളിലൂടേയും നാലാം അദ്ധ്യായം 12, 13 വാക്യങ്ങളിലൂടെയും ക്രിസ്തുവിൽ പ്രിയനായ ഈ ദൈവദാസന്റെ അനവധി ആത്മീയ സവിശേഷതകൾ നമുക്ക് പഠിക്കുവാനായി സാധിക്കും.

കൊലോസ്യ സഭ എപ്രകാരം വിശ്വാസത്തിലും പരസ്പര സ്നേഹത്തിലും വളരുന്നു എന്നും അവർ ആ ദൈവകൃപയിൽ വേരൂന്നി ഫലംകായ്ക്കുന്നു എന്നും അപ്പൊസ്തലൻ പരാമർശിക്കുന്നു. ആ സുവിശേഷം തന്റെ സഹഭൃത്യനായ എപ്പഫ്രാസിൽ നിന്ന് ആദ്യമായി കേൾക്കുകയും അത് മുഖാന്തിരം ദൈവകൃപയെ ഗ്രഹിക്കുവാനും പ്രാപിക്കുവാനും ഇടവന്നു എന്നും രേഖപ്പെടുത്തിയിരിക്കുന്നു. കൊലോസ്യ സഭയിൽ ആദ്യമായി സുവിശേഷം എത്തിച്ചത് എപ്പഫ്രാസിലൂടെയാണെന്ന് കരുതപ്പെടുന്നു. അവരുടെ ആത്മീയ ഗുരുവും ഇടയനുമായിരുന്നു അദ്ദേഹം. പൗലോസ് അദ്ദേഹത്തെക്കുറിച്ച് പ്രസ്താവിക്കുന്നത് ക്രിസ്തുവിന്റെ വിശ്വസ്ത ശുശ്രൂഷകനും സഹഭൃത്യനും പരിശുദ്ധാത്മാവിൽ സമശിഷ്ടങ്ങളോട് അവർക്കുള്ള സ്നേഹമറിയിച്ച ദൂതനുമായിട്ടാണ്. ദൈവകൃപയുടെ സുവിശേഷം ആഴത്തിൽ പഠിക്കുകയും അത് ഹൃദയപൂർവ്വം വിശ്വാസത്തോട് മറ്റുള്ളവരോട് പങ്കുവെക്കുകയും ചെയ്യുവാൻ എപ്പഫ്രാസിന് കഴിഞ്ഞു. ക്രിസ്തുവിന്റെ ശുശ്രൂഷകനായി അത്യദ്ധ്വാനം ചെയ്യുകയും പൗലോസിനോടൊപ്പവും തനിയേയും ആ ദൗത്യം അതീവ ജാഗ്രതയോടെ ഏറ്റെടുക്കുകയും സുസ്ത്യർഹമാംവണ്ണം നിർവ്വഹിക്കുകയും ചെയ്തു. വിശ്വാസികൾ ആദരവോടെ മനസിലാക്കുകയും പിൻചെല്ലുകയും ചെയ്യാനായി ശക്തമായൊരു മാതൃകാ ക്രിസ്തീയ ജീവിതം എപ്പഫ്രാസ് നയിച്ചു എന്നതിന് തിരുവചനം സാക്ഷ്യം നിൽക്കുന്നു. (തുടരും)

# ഒഴുകുന്ന ദൈവകൃപ



ബിനു കെ വറുഗീസ്

‘എന്നാൽ ലംഘനം പെരുകേണ്ടതിന്നു ന്യായപ്രമാണവും ഇടയിൽ ചേർന്നു വന്നു. എങ്കിലും പാപം പെരുകിയേടത്തു കൃപ അത്യന്തം വർദ്ധിച്ചു’ (റോമർ 5:20).

പാപം പെരുകിക്കൊണ്ടിരിക്കുന്ന ഈ ലോകത്ത് അത്യന്തം കൃപയും വർദ്ധിച്ചുക്കൊണ്ടിരിക്കുന്നു. നമുക്ക് ഓരോരുത്തരും ദൈവമക്കളാകുവാൻ അവൻ അധികാരം തന്നിട്ടുണ്ട്. കൃപ വർദ്ധിച്ചു വരുന്ന ഈ കാലത്തെ നാം നമ്മെതന്നെ ശോധന ചെയ്യണം. നമുക്ക് ദൈവകൃപ പ്രാപിപ്പാൻ കഴിഞ്ഞിട്ടുണ്ടോ? നാം ദൈവത്തോട് എത്ര മാത്രം പറ്റിച്ചേർന്നു നിൽക്കുന്നു? വചനത്തിൽ എത്രത്തോളം നില നിൽക്കുന്നു? ഇതൊക്കെ നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ ഇടയിൽ അനേകർ പാപത്തിൽ വീണുപോകുന്നു. അനേകർ പിന്മാറി പോകുന്നു. എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു എന്ന് നമ്മൾ ആഴമായി ചിന്തിക്കേണം. എല്ലാവർക്കും എല്ലാം വേണം എന്നാൽ ആർക്കും ഈ ലോകചിന്ത വിട്ട് ദൈവസന്നിധിയിൽ ഇരിക്കാൻ കഴിയുന്നില്ല. പലപ്പോഴും നമ്മുടെ ജീവിതം പരീശനായ മനുഷ്യന്റെ പ്രാർത്ഥന പോലെയാണ്. എല്ലാം ചെയ്യുന്നുണ്ട്, നന്നായി പ്രാർത്ഥിക്കുന്നു, ഉപവസിക്കുന്നു, മറ്റുള്ളവരെ സഹായിക്കുന്നു. എന്നാൽ ദൈവത്തിൽ നിന്നും വേണ്ടുംപോലെ നമുക്കു ഒന്നും പ്രാപിക്കാൻ പറ്റുന്നില്ല. നാം പ്രാർത്ഥിച്ചു പലപ്പോഴും മടുത്തു പോകുകയാണ്.

യെശയ്യാവ് 40-ാം അദ്ധ്യായത്തിൽ പറയുന്നു യഹോവ നിത്യദൈവം, ഭൂമിയുടെ അറുതികളെ സൃഷ്ടിച്ചവൻ തന്നെ. അവൻ ക്ഷീണിക്കുന്നില്ല തളർന്നുപോകുന്നതുമില്ല. നമ്മുടെ ദൈവം ഒരിക്കലും ക്ഷീണിക്കുന്നില്ല തളർന്നുപോകുന്നതുമില്ല. എന്നാൽ ദൈവം ക്ഷീണിച്ചിരിക്കുന്നവർക്ക് ശക്തി പകരുന്നു. ബലം നഷ്ടപ്പെട്ടവർക്ക് ബലം പകരുന്നു.

ബാല്യക്കാർ ക്ഷീണിച്ചു തളർന്നു പോകുന്നു യൗവ്വനക്കാർ ഇടറി വീഴുന്നു എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും അവർ കഴുകന്മാരെപ്പോലെ ചിറടകടിച്ചു കയറും. തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും. അനേകം കൃപകൾ പ്രാപിച്ചവർ നമ്മുടെ ഇടയിലുണ്ട്. അവർ അന്ത്യത്തോളം ആ കൃപയിൽ നിൽക്കുവാൻ നാം ഓരോരുത്തരും പ്രാർത്ഥിപ്പാൻ കടപ്പെട്ടവരാണ്.

ഓരോരുത്തനു വരം ലഭിച്ചതുപോലെ വിവിധമായുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെക്കൊണ്ട് അന്യോന്യം ശുശ്രൂഷിപ്പിൻ (1 പത്രോസ് 4:10).

ഓരോരുത്തർക്കും ഓരോ കൃപയാണ് ലഭിച്ചിരിക്കുന്നത്. കിട്ടിയ കൃപകൾക്കനുസരിച്ച് ദൈവം കൊടുത്ത പ്രാപ്തിക്കനുസരിച്ച് ശുശ്രൂഷിക്കുമ്പോൾ ദൈവനാമം മഹത്വപ്പെടുവാൻ ഇടയാകുന്നു. മഹത്വവും ബലവും എന്നന്നേക്കും ദൈവത്തിനുള്ളത്. കൃപ പലരിലും പെരുകി ദൈവത്തിന്റെ മഹിമയ്ക്കായി സ്തോത്രം വർദ്ധിപ്പിക്കേണ്ടതിന്നു സകലവും നിങ്ങൾ നിമിത്തമല്ലോ ആകുന്നു (2 കൊരിന്ത്യർ 4:15)

അതുകൊണ്ട് നാം അധൈര്യപ്പെടാതെ നമ്മുടെ പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചു പോകുന്നു എങ്കിലും നമ്മുടെ അകമെയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു. അനേകം ദൈവകൃപകൾ പ്രാപിച്ചു പാപകരമായ ഈ ലോകത്ത് അന്ത്യകാലത്തോടു അടുത്തുക്കൊണ്ടിരിക്കുന്ന നാം ധൈര്യത്തോടെ നിൽക്കുവാൻ വീഴാതെ തളരാതെ ഉണർന്നിരിക്കുവാൻ നമ്മെ താങ്ങുന്ന ദൈവത്തിന്റെ ഉള്ളം നമ്മിൽ പ്രസാദിക്കുവാൻ അവന്റെ ആത്മാവിനെ പ്രാപിക്കുവാൻ നമുക്ക് ഓരോരുത്തർക്കും ഒരുങ്ങാം. ആമേൻ!

കാര്യവിചാരം

# അസൂയയ്ക്കും കൊളസ്ട്രോളിനും തമ്മിൽ എന്തു ബന്ധം?



സണ്ണി പുതുപ്പള്ളി

മനുഷ്യന്റെ മഹാവില്ലന്മാരാണ് അസൂയയും കൊളസ്ട്രോളും. കൊളസ്ട്രോൾ എന്നു കേൾക്കുന്നത് തന്നെ പലർക്കും ഭയമാണ്. അസൂയയുടെ കാര്യവും അതുപോലെ കേൾക്കുമ്പോൾ തന്നെ ഒരു വല്ലാത്ത വികാരവും വെറുപ്പും.

കൊളസ്ട്രോൾ ഹൃദയത്തിന്റെ ആരോഗ്യത്തെ തടസ്സപ്പെടുത്തുന്ന വില്ലൻ. മനുഷ്യശരീരത്തിൽ രക്തത്തിലെ കൊളസ്ട്രോളിന്റെ അളവ് നിശ്ചിതപരിധിയിൽ കൂടിയാൽ മാരകമായ പല രോഗങ്ങൾക്കും കാരണമാകും. അവ ധമനികളുടെ ആന്തരിക പാളികളിൽ അടിഞ്ഞു കൂടുകയും ഉൾവ്യാപ്തി കുറക്കുകയും ചെയ്യുന്നു. അതോടുകൂടെ ധമനികളിലൂടെയുള്ള രക്തസഞ്ചാരം ദുഷ്കരമാകുന്നു. ഇതു ഹൃദയാഘാതം, മസ്തിഷ്കാഘാതം എന്നിവയ്ക്ക് കാരണമായേക്കാം. ശരിയായ ജീവിതശൈലിയും നല്ല ഭക്ഷണശീലവും വ്യായാമവുമാണ് കൊളസ്ട്രോൾ ഉൾപ്പെടെയുള്ള പ്രശ്നങ്ങളെ നിയന്ത്രിക്കാൻ സഹായിക്കുന്നത്.

എന്നാൽ കൊളസ്ട്രോളിനെ ഇങ്ങനെ അടച്ചക്ഷേപിക്കുന്നത് ശരിയാണോ? അല്ല എന്നാണ് അറിവുള്ളവർ പറയുന്നത്. ചീത്ത കൊളസ്ട്രോളും (LDL) നല്ല കൊളസ്ട്രോളും (HDL) ഉണ്ടത്രെ. നല്ല കൊളസ്ട്രോൾ ഹൃദയത്തിന്റെ ആരോഗ്യം നിലനിർത്തുവാൻ അത്യന്താപേക്ഷിതവുമാണ്. ഹൃദയധമനികളിൽ അടിഞ്ഞു കൂടാൻ സാധ്യതയുള്ള ഹാനികരമായ കൊളസ്ട്രോളിനെ നല്ല കൊളസ്ട്രോൾ കരളിൽ എത്തിക്കുകയും അതുവഴി ശരീരത്തിൽ നിന്നും പുറന്തള്ളുകയും ചെയ്യുന്നു.

അസൂയയുടെ കാര്യവും ഇതുപോലെയാണെന്നു പറയപ്പെടുന്നു. ചീത്ത അസൂയയും നല്ല അസൂയയും ഉണ്ടത്രെ. അദ്ധ്യാപകർ സാധാരണ കുട്ടികളോടു പറഞ്ഞു കൊടുക്കാറുള്ള ഉപദേശമുണ്ട്. Be jealous, be selfish and that will motivate you to work hard and score over other students. ജ്ഞാനിയായ ശലോമോനും ഇതിനോടു യോജിക്കുന്നുണ്ട്. ‘സകല പ്രയത്നവും സാമർത്ഥ്യമുള്ള പ്രവൃത്തി ഒക്കെയും ഒരുവന്നു മറ്റവനോടുള്ള അസൂയയിൽ നിന്നുളവാകുന്നു. കണ്ണുകടിയുള്ളവൻ ധനവാനാകുവാൻ ബദ്ധപ്പെടുന്നു’. അപ്പൊസ്തലനായ പൗലോസ് എഴുതുന്നു: ‘സഹോദരന്മാർ മിക്കപേരും എന്റെ ബന്ധനങ്ങളാൽ കർത്താവിൽ ധൈര്യം പൂണ്ടു ദൈവത്തിന്റെ വചനം ഭയം കൂടാതെ പ്രസ്താവിപ്പാൻ അധികം തുനിയുന്നു. ചിലർ ക്രിസ്തുവിനെ അസൂയയും പിണക്കവും നിമിത്തം പ്രസംഗിക്കുന്നു. ഏതു വിധമായാലും ക്രിസ്തുവിനെ അല്ലോ പ്രസംഗിക്കുന്നത്. ഇതിൽ ഞാൻ സന്തോഷിക്കുന്നു. God declares, I the Lord your God am a jealous God.

അപ്പോൾ പിന്നെ അസൂയയെ കണ്ണുമടച്ചു വെറുക്കുന്നത് നഷ്ടക്കച്ചവടമല്ലേ? ജീവിത വിജയത്തിന്നു അൽപ്പം അസൂയയും സ്വാർത്ഥതയും ഒക്കെ ആവശ്യമല്ലേ? അയൽ സഭയുടെ വളർച്ച കണ്ടു അസൂയപ്പെടുന്ന പാസ്റ്റർ തന്റെ പ്രവർത്തനത്തിനു ആക്കം കൂട്ടുന്നു. സഹോദരന്റെ തകർപ്പൻ പ്രസംഗം കേട്ടു കൂട്ടുസഹോദരൻ രാവും പകലും ബൈബിൾ വായിക്കുന്നു. നീണ്ട പ്രസംഗക്കുറിപ്പുകൾ തയ്യാറാക്കുന്നു. കൂട്ടുകാരന്റെ ഉയർന്ന റാങ്ക് കണ്ടവൻ ഉറക്കളച്ചു പഠിക്കുന്നു. അയൽവക്കത്തെ മണിമാളികയും SUV യും കണ്ടു അയൽവാസി എത്രയും വേഗം പാസ്പോർട്ട് തരപ്പെടുത്തുവാൻ തീരുമാനിക്കുന്നു. എന്തിനു പറയുന്നു അമേരിക്കയും റഷ്യയും തമ്മിൽ നടന്ന space race മുതൽ അയൽവക്കത്തെ കൊച്ചമ്മമാരു തമ്മിലുള്ള saree race ഉൾപ്പെടെ കൊച്ചു കുഞ്ഞുങ്ങൾ നടത്തുന്ന toy fight വരെ എല്ലാം ഒരുതരം അയൂയയുടെ ഭാഗമാണ്.

നിയന്ത്രിതമായ അസൂയ താൽക്കാലികമായി ഗുണം ചെയ്തേക്കാം. എന്നാൽ ‘സകല പ്രയത്നവും സാമർത്ഥ്യമുള്ള പ്രവൃത്തി ഒക്കെയും ഒരുവന്നു മറ്റവനോടുള്ള അസൂയയിൽ നിന്നുളവാകുന്നു’ എന്നു കണ്ടുപിടിച്ച ശലോമോൻ തുടർന്നു പറയുന്നു ‘പക്ഷേ അതും മായയും വൃഥാപ്രയത്നവും അത്രേ’. അസൂയ മനുഷ്യന്റെ അസ്ഥികളെ ദ്രവിപ്പിക്കുന്നു. അസൂയ ഇരുവായ്ത്തലയുള്ള വാളാണ്. അതുകൊണ്ടു വെട്ടുക്കൊള്ളുന്നവനും വെട്ടുന്നവനും മുറിവേൽക്കുന്നു. The jealous are troublesome to others, but a torment to themselves. അസൂയക്കാരൻ കാലക്രമേണ ശാരീരികമായും മാനസികമായും ബലഹീനനായിത്തീരുന്നു.

അസൂയ മൂത്ത് ചെയ്തുകൂട്ടിയ കാര്യങ്ങൾ എല്ലാംതന്നെ നാശത്തിന്റേയും പരാജയത്തിന്റേതും ആയിരുന്നു. ധനവാനായ യിസഹാക്കിനോട് അസൂയപ്പെട്ട ഫെലിസ്ത്യർ അവന്റെ കിണറൊക്കെയും മണ്ണിട്ടു നികത്തി വെള്ളംകുടി മുട്ടിച്ചു. യോസേഫ് തങ്ങളേക്കാൾ വലിയവനാകും എന്നു സംശയിച്ച അസൂയാലുക്കളായ സഹോദരന്മാർ അവനെ കൊല്ലുവാൻ ആലോചിച്ചു പൊട്ടക്കുഴിയിൽ ഇട്ടുകളഞ്ഞു. ദാവീദിന്റെ ഉയർച്ചയിൽ കണ്ണുകടി തുടങ്ങിയ ശൗൽ ദാവീദിനെ കൊല്ലുവാൻ അവസരം അന്വേഷിച്ചു. യേശുവിനെ ക്രൂശിപ്പാൻ ഏൽപ്പിച്ചതും അപ്പൊസ്തലന്മാരെ തടവിൽ ആക്കിയതും മഹാപുരോഹിതന്മാരുടെ അസൂയകൊണ്ടല്ലേ. കൊരിന്തുസഭയിലെ പടലപിണക്കത്തിന്റെ പിന്നാമ്പുറം എന്തായിരുന്നു? എന്തിനു പറയുന്നു, അസൂയാവഹമായ പെരുപ്പവും ശോഭയും ദേവദാരുവിന്റെ ഹൃദയത്തെ ഗർവ്വത്തിലേക്കും പിന്നീട് നാശത്തിലേക്കുമല്ലേ നയിച്ചത്! (യെഹ. 31).

കണ്ണുകടിയുള്ളവന്റെ അപ്പം പോലും തിന്നരുത്; അവന്റെ സ്വാദുഭോജ്യങ്ങളെ ആഗ്രഹിക്കയുമരുത്. 'Brother, take one more piece... please...' എന്നൊക്കെ അവൻ നിന്നോടു പറയും; എന്നാൽ നീ തിന്നുന്ന ഓരോ പീസിന്റേയും വില അവൻ മനസിൽ കണക്കുകൂട്ടും, ശപിക്കും. ‘ഹൊ, എന്തൊരു തീറ്റിയാടായിത്, എങ്ങോട്ടാ ഇതൊക്കെ പോകുന്നതെന്നറിയില്ല’. എടീ, എന്റെ വയറ്റിൽ നല്ല സുഖം തോന്നുന്നില്ല; ഒന്നു ഛർദ്ദിച്ചു പോയിരുന്നെങ്കിൽ സുഖമായേനെ! "It was very nice, very tasty, thank you so much dear" എന്നൊക്കെ പറഞ്ഞ് ചക്കരവാക്കുകൾ വെറുതെയായില്ലേ (സദൃശ്യ.23: 6–8).

ഒരുവന്റെ സ്വഭാവം അറിയണമെങ്കിൽ അവന്റെ കൂട്ടുകാർ ആരാണെന്നു അന്വേഷിച്ചാൽ മതിയാകും. അസൂയയുടെ കൂടെപ്പിറപ്പുകൾ അനീതി, ദുഷ്ടത, അത്യാഗ്രഹം, ദുർബ്ബുദ്ധി, കുല, കപടം, ദുശ്ശീലം പോരെങ്കിൽ കൂട്ടുകാരായി ജഡത്തിന്റെ പ്രവൃത്തികൾ ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്നപക്ഷം, ഭിന്നത, ചതിവു വ്യാജഭാവം (റോമ.1: 29, ഗലാ.5: 19).

അന്യരുടെ ജീവിത വിജയങ്ങളിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ട് പ്രചോദനം ആർജ്ജിക്കുന്നത് നല്ല കാര്യമാണെങ്കിലും അവരുടെ വിജയങ്ങൾ അവർക്കുള്ളതല്ല ഞാനാണ് അതിനു യഥാർത്ഥ യോഗ്യൻ എന്ന മനോഭാവം ചീത്ത അസൂയയാണ്, പാപമാണ്. അസൂയയ്ക്കു മരുന്നില്ല എന്നു പറയാറുണ്ടെങ്കിലും, മുള്ളിനെ മുള്ളുകൊണ്ട് എടുക്കണം എന്നതുപോലെ അസുയയെ അസൂയകൊണ്ട് തിരുത്തണം. മനുഷ്യസഹജമായ ചീത്ത അസൂയയെ ദൈവസഹജമായ നല്ല അസൂയകൊണ്ടു (തീഷ്ണത, എരിവ്) മാത്രമേ ചികിത്സിച്ചു ഭേദപ്പെടുത്തുവാൻ കഴിയൂ.

പെട്ടെന്നു മനസിലാക്കാവുന്ന ഉദാഹരണം:

Sinful/human jealousy is the desire for something that does not belong to you and wanting others to not have it - Eg. your friend's beautiful wife.

Good/Godly jealousy is the absolute possessiveness for something that God declares belong to you - Eg. your own wife.

It means, you have to be happy with something that God declares belong to you, and do not desire for something that doesn't belong to you and be happy your friend has it.

മറ്റുള്ളവരുടെതെന്നല്ല സ്വന്തം പ്രവർത്തികളുടെ പോലും പിന്നിലെ മന്ത്രം അസൂയയാണോ, സ്വാർത്ഥതയാണോ അതോ കറയറ്റ ദൈവസ്നേഹമാണോ എന്നു നിർണ്ണയിക്കുവാൻ സകല അന്തരിന്ദ്രിയങ്ങളെയും ശോധന ചെയ്യുന്ന ദൈവത്തിനുമാത്രമേ സാധിക്കൂ. ഓരോരുത്തനും സകലദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും ചീത്ത അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞു ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ (new born, not one year old) ‘അസൂയഫ്രീ’ ആയിത്തീരുവാൻ നിരന്തര പരിശ്രമം ആവശ്യമാണ്. മനുഷ്യൻ കണ്ണിനു കാണുന്നതു നോക്കുന്നു. യഹോവയോ ഹൃദയത്തെ നോക്കുന്നു. ചീത്ത അസൂയകൊണ്ടു ചെയ്തതും നേടിയതും ദൈവസന്നിധിയിൽ വിലയുള്ളതാകയില്ല. ഒരുവൻ സർവ്വസോകവും നേടിയിട്ടും തന്റെ പ്രവർത്തികൾ വെന്തുപോയാൽ അവനു എന്തു പ്രയോജനം?




*Prayerful wishes for a blessed married life to*

**Lijo**

(Sharon Fellowship Church, Bahrain)

**& Roncy**

*Best compliments from the family of*

*Hello Hope* ഹലോ ഹോപ്പ്

# വലിച്ചെറിയപ്പെട്ട ആയുധം



ബ്ലസ്സി ലിജോ

ന്യായാധിപന്മാർ 15:17.....‘അവൻ...കയ്യിൽ നിന്നും എറിഞ്ഞു കളഞ്ഞു‘.

ഇത് എന്നെ പറ്റിയാണ് പറയുന്നത്. ഒരിക്കൽ ഞാൻ ഒന്നിനും കൊള്ളാതെ ‘ലേഹി’ എന്ന സ്ഥലത്ത് മണ്ണിൽ താണുകൊണ്ടിരുന്ന സമയം. അതാ ഒരു കൈ എന്നെ എടുക്കുവാൻ നീളുന്നു. ഞാൻ പിന്നെ ഒന്നും ആലോചിച്ചില്ല ചാടി കൈയ്യിലേക്ക് കയറി. അയാൾ എന്നെ മുറുകെ പിടിച്ച്, ശക്തിയായി വീശി. എന്റെ പ്രഹരത്താൽ 1000 പേർ വീണു മരിച്ചു. ഞാൻ എന്നെതന്നെ ആ കൈകളിൽ പൂർണ്ണമായി സമർപ്പിച്ചു. ഇപ്പോൾ മനസ്സിലായില്ലേ...ഞാൻ ആരാണെന്ന്? ഞാനാണ് ശിംശോന്റെ കയ്യിലെ താടിയെല്ല്.

ശിംശോനാണ് എന്നെ ആ പൊടിയിൽ നിന്നും എടുത്തത്. ഞാൻ കാരണം അവന് ‘1000’ പേരെ കൊല്ലാൻ സാധിച്ചു, സമാധാനമായി. ഇനി എന്തായാലും എന്നെ അയാൾ മാനിയ്ക്കും. ഇനിയുള്ള അവന്റെ ജീവിതത്തിൽ ഞാനും കാണും. ഇത്രയും ഉപകാരം ചെയ്തതല്ലേ...എന്നാൽ ഇതാ ചിന്തിച്ചു തീരും മുമ്പെ...ഞാൻ വലിച്ചെറിയപ്പെട്ടിരിയ്ക്കുന്നു. ഇപ്പോൾ ഞാൻ ആ മണ്ണിൽ ശരിയ്ക്കും പൂണ്ടു പോയിരിക്കുന്നു...അവൻ എന്നെ മാനിച്ചില്ല എന്ന് മാത്രമല്ല...ഞാനിതാ നിന്ദിതനായിരിയ്ക്കുന്നു. എന്റെ അവസ്ഥ പണ്ടത്തേതിലും വഷളായി. ഞാൻ ഇവനിൽ ആശ്രയിച്ചത് വെറുതെ ആയല്ലോ!

കണ്ടില്ലേ...ഈ താടിയെല്ലിന്റെ അവസ്ഥ. ഇത് തന്നെ അല്ലെ നമ്മുടെ ജീവിതത്തിലും സംഭവിക്കുന്നത്.

നമ്മുടെ പാപങ്ങൾക്ക് പരിഹാരമായി കാൽവറി ക്രൂശിൽ രക്തം ചൊരിഞ്ഞ...നമുക്കുവേണ്ടി മരിച്ച...മൂന്നാം നാൾ ഉയർത്തെഴുന്നേറ്റ് ഇന്നും നമുക്കുവേണ്ടി സ്വർഗ്ഗത്തിൽ വസിയ്ക്കുന്ന ആ സ്നേഹനിധിയായ കർത്താവിന് കൊടുക്കേണ്ടിയിരുന്ന നമ്മുടെ വിലയേറിയ സമയം, കഴിവുകൾ, സമ്പത്ത്, ആരോഗ്യം എല്ലാം നാം മനുഷ്യരെ പ്രസാദിപ്പിയ്ക്കുവാൻ നഷ്ടപ്പെടുത്തിയിട്ടില്ലേ...എന്നിട്ടോ? അവർ നമ്മെ വലിച്ചറിഞ്ഞു... പുതിയ ആയുധം തേടി പോകും.

HH Sisters' Outlook

എന്നാൽ നാം ദൈവത്തിന്റെ കയ്യിലെ ആയുധമാകാൻ നമ്മെ തന്നെ ഏല്പിച്ച് കൊടുത്താൽ നമ്മെ പാതിവഴിയിൽ എറിഞ്ഞു കളായാതെ...ജീവപര്യന്തം വഴി നടത്തുകയും നമ്മെ അവൻ മാനിയ്ക്കുകയും ചെയ്യും.

മനുഷ്യരുടെ കയ്യിലെ ആയുധമാകാതെ...ആ വലിയവനായ ദൈവത്തിന്റെ കയ്യിലെ ആയുധമായി നമുക്ക് നമ്മെതന്നെ ഏല്പിച്ച് കൊടുക്കാം. അവൻ നമ്മെ ഉപയോഗിക്കുകയും മാനിക്കുകയും ചെയ്യും.

A SPARROW'S FAITH 14

# HE hears... Even when you don't speak.

Of late, it has become hard to focus while praying. Thoughts are scattered all over people, places and situations. The five-finger prayer pattern has fallen apart and my whispers to Him have ceased. And as always, I am thoughtful – yes, I think a lot over things, I have realised this. I can't sleep over things – yesterday's moments remain frozen as frames with me that I wrestle with them and in the past, over prayers.

It's almost a while now, we – me and my thoughts - everyday sits in the corner to "pray" – but we, instead take a stroll – over all these places and visit people and their situations. I know I am blessed, more and beyond that I deserve and have asked for – yet, don't spell out as in the past – 'thank you Lord'. I am not sure of many things in and around me - still I don't have the usual question "Why God? It's more a numb time span where I leave thoughts stray.

Well, I didn't like this as it was of concern to me and I shared this with a friend. The answer was reassuring and it did put me at ease. It reminded me of a story once that I heard in a sermon – a man who never used to go church or say his morning / evening prayers as taught by his parents who named him Peter. He used to work hard whole day and at the end of the day, walking back all tired, Peter would stop by the church, look up to the altar from the door and say "Lord, here I am" and goes home to hit bed.

My concerns were about life situations and people around me. It looked like I only had questions to God. I was not happy the way things were. I know I should thank God, but could not, as sobs welled within when I knelt. The day after the chat with my friend, I tried Peter's prayer pattern – 'Lord, here I am'. A chill ran down my body and it was a floodgate of tears. I cried and it eased me. The next day was better – but again I said nothing more than those four words. Tears trickled as my thoughts wandered again, but this time I felt a presence of mind. It has been continuing for a while now and I am not anymore uneasy of straying away from my prayer pattern.

Something has assured me that He hears, sees my tears and I feel a gentle touch, each time I wind up my morning time to walk to work in or as I slip into sleep at night. Well, I do feel better, but I know I need to work on it, which



Raji Unnikrishnan

I am sure I will be able to, as I'm steadily but slowly, gaining balance over my toppled emotions. I am sure each of us have gone through a phase such and hence my thought to share.

*"I lie down and sleep, I wake again because the Lord sustains me." Psalm 3:5*

*A Sparrow*



## ഓർഡിനേഷൻ ലഭിച്ചു

ബഹ്റിൻ ശാരോൻ
ഫെല്ലോഷിപ്പ് ചർച്ച്
മുൻ സഭാംഗം, ഇപ്പോൾ
സൗദി അറേബ്യയിൽ
ആയിരിക്കുന്ന
**ബ്രദർ സ്റ്റീഫൻ ജോണിന്**,
2018 നവംബർ 2ന് ദമാമിൽ വച്ച്
റവ. ഡോ. ഫിന്നി ജേക്കബ്
(വൈസ് പ്രസിഡന്റ്, ശാരോൻ
ഫെല്ലോഷിപ്പ് ചർച്ച്)
ഓർഡിനേഷൻ നൽകി.



*Prayerful wishes for a blessed married life to*

**Joel & Stella**

**(Rehoboth Revival Church, Bahrain)**

*Best compliments from the family of*

Hello Hope
ഹലോ ഹോപ്പ്

# പെങ്ങളുടെ മകൻ



ബിജി ഫിലിപ്പ്, യു.എ.ഇ

ദൈവം നമ്മോടു അരുളിച്ചെയ്യുന്ന വാഗ്ദത്തങ്ങൾ നിവർത്തീകരിക്കുവാൻ അവിടുന്ന് നിശ്ചയമായും ജാഗരിക്കും. നാം ഒരിക്കലും നിനക്കാത്ത, പ്രതീക്ഷിക്കാത്ത വ്യക്തികളിലൂടെ സാഹചര്യങ്ങളിലൂടെ അവിടുന്ന് ചിലപ്പോൾ നമുക്കുവേണ്ടി പ്രവർത്തിക്കും. അപ്പൊസ്തലനായ പൗലോസിന്റെ ജീവിതത്തിൽ അത് നമുക്ക് കാണുവാൻ കഴിയും. ഒരു രാത്രിയിൽ കർത്താവു പൗലോസിന്റെ അടുക്കൽ ചെന്ന് അവനോടു ധൈര്യമായിരിക്ക, നീ എന്നെക്കുറിച്ചു യെരുശലേമിൽ സാക്ഷീകരിച്ചതുപോലെ റോമയിലും സാക്ഷീകരിക്കേണ്ടതാകുന്നു എന്നു അരുളിച്ചെയ്തു.

വാഗ്ദത്തം ദൈവം പൗലോസിനോട് സംസാരിച്ചു കഴിഞ്ഞതിന്റെ അടുത്ത ദിവസം തന്നെ പ്രതികൂലവും ആരംഭിച്ചു. യെഹൂദന്മാർ നാല്പതിൽ അധികം പേർ തമ്മിൽ യോജിച്ചു പൗലോസിനെ കൊന്നുകളയുവോളം ഒന്നും തിന്നുകയോ കുടിക്കയോ ചെയ്കയില്ല എന്നു ശപഥം ചെയ്തു. അവർ മഹാപുരോഹിതന്മാരുടേയും മൂപ്പന്മാരുടേയും അടുക്കൽ ചെന്നു പൗലോസിനെ കൊന്നുകളയുവോളം ഒന്നും ആസ്വദിക്കയില്ലെന്ന് കഠിന ശപഥം ചെയ്തിരിക്കുന്നുവെന്നും അവന്റെ കാര്യം അധികം സൂക്ഷ്മത്തോടെ പരിശോധിക്കേണം എന്നുള്ള ഭാവത്തിൽ അവനെ നിങ്ങളുടെ അടുക്കൽ കൊണ്ടുവരുവാൻ ന്യായാധിപസംഘവുമായി സഹസ്രാധിപനോടു അപേക്ഷിപ്പിൻ. എന്നാൽ അവൻ സമീപിക്കുംമുമ്പെ അവനെ ഒടുക്കിക്കളവാൻ ഒരുങ്ങിയിരിക്കുന്നു എന്നു പറഞ്ഞു.

എന്നാൽ അരുളപ്പാടു നൽകിയ ദൈവം വിശ്വസ്തനാകയാൽ അവൻ അത് നിവർത്തിക്കുവാൻ ശക്തനാണല്ലോ. ദൈവത്തിന്റെ പദ്ധതി നോക്കൂ, യെഹൂദന്മാരുടെ ഈ പതിയിരിപ്പിനെക്കുറിച്ചു പൗലോസിന്റെ പെങ്ങളുടെ മകൻ കേട്ടിട്ടു ചെന്നു കോട്ടയിൽ കടന്നു പൗലോസിനോടു അറിയിച്ചു. പൗലോസ് ശതാധിപന്മാരിൽ ഒരുത്തനെ വിളിച്ചു, ഈ യൗവ്വനക്കാരന്നു സഹസ്രാധിപനോടു ഒരു കാര്യം അറിയിപ്പാനുള്ളതിനാൽ അവനെ അങ്ങോട്ടു കൊണ്ടുപോകേണം എന്നു പറഞ്ഞു. സഹസ്രാധിപൻ അവനെ കൈക്കു പിടിച്ചു മാറി നിന്നു എന്നോടു ബോധിപ്പിപ്പാനുള്ളതു എന്തു എന്നു സ്വകാര്യമായി ചോദിച്ചു. യെഹൂദന്മാർ പൗലോസിനെക്കുറിച്ചു അധികം സൂക്ഷ്മത്തോടെ വിസ്താരം കഴിക്കേണമെന്നുള്ള ഭാവത്തിൽ വന്നു നാളെ അവനെ ന്യായാധിപ സംഘത്തിലേക്കു കൊണ്ടുവരേണ്ടതിന്നു നിന്നോടു അപേക്ഷിപ്പാൻ ഒത്തുകൂടിയിരിക്കുന്നുവെന്നും, നീ അവരെ വിശ്വസിച്ചു പോകരുതു; അവരിൽ നാല്പതിൽ അധികം പേർ അവനെ ഒടുക്കിക്കളയുവോളം ഒന്നും തിന്നുകയോ കുടിക്കയോ ചെയ്കയില്ല എന്നു ശപഥം ചെയ്തു അവന്നായി പതിയിരിക്കുന്നു. നിന്റെ വാഗ്ദത്തം കിട്ടും എന്നു ആശിച്ചു അവർ ഇപ്പോൾ ഒരുങ്ങിനിൽക്കുന്നു എന്നും പറഞ്ഞു. നീ ഇതു എന്നോടു അറിയിച്ചു എന്നു ആരോടും മിണ്ടരുത് എന്നു സഹസ്രാധിപൻ കല്പിച്ചു പെങ്ങളുടെ മകനെ പറഞ്ഞച്ചു.

സഹസ്രാധിപൻ ശതാധിപന്മാരിൽ രണ്ടുപേരെ വരുത്തി, ഈ രാത്രിയിൽ മൂന്നാം മണിനേരത്തു കൈസര്യക്കു പോകുവാൻ ഇരുനൂറു കാലാളേയും എഴുപതു കുതിരച്ചേവകരേയും ഇരനൂറു കുന്തക്കാരേയും ഒരുക്കുവിൻ. പൗലോസിനെ ദേശാധിപതിയായ ഫേലിക്സിന്റെ അടുക്കൽ ക്ഷേമത്തോടെ എത്തിപ്പാൻ മൃഗവാഹനങ്ങളേയും സംഭരിപ്പിൻ എന്നു കല്പിച്ചു.

യഹോവയ്ക്കും അവന്റെ അഭിഷിക്തനും വിരോധമായി രാജാക്കന്മാർ എഴുന്നേൽക്കുകയും അധിപതികൾ തമ്മിൽ തമ്മിൽ ആലോചിക്കയും ചെയ്യുമ്പോൾ അവരുടെ കെട്ടുകളെ പൊട്ടിക്കുവാൻ, കയറുകളെ എറിഞ്ഞുകളയുവാൻ ദൈവം നമ്മെ ഉപയോഗിക്കും. ദൈവജനത്തിനെതിരെയുള്ള പതിയിരിപ്പുകളുടെ നടുവിൽ, ഗൂഢാലോചനകളുടെ മധ്യത്തിൽ ദൈവം അത്ഭുതകരമായ വഴികളെ തുറക്കും. കല്പന പുറപ്പെടുവിച്ച രാജകൊട്ടാരത്തിൽ തന്നെ വളരുവാൻ മോശെയെ അനുവദിക്കുന്ന ഒരു ദൈവം നമുക്കുണ്ട്. ഒടുക്കിക്കളയുവാൻ പാർത്തിരുന്നവരുടെ നടുവിൽ പൗലോസിന്റെ പെങ്ങളുടെ മകനിലൂടെ പ്രവർത്തിച്ചു സഹസ്രാധിപനിലൂടെ കൈസര്യയിലേക്കു പോകുവാൻ ആവശ്യമായ സർവ്വസന്നാഹങ്ങളോടു കൂടെ, അരുളിച്ചെയ്ത വാഗ്ദത്തത്തെ നിവർത്തിച്ച ദൈവത്തിന്റെ പദ്ധതി എത്ര വലുതാണ്, നമുക്കും വിശ്വസിക്കാം. പതിയിരുപ്പുകളുടെ നടുവിൽ, മരണനിഴലിൻ താഴ്വരകളുടെ നടുവിൽ നാം പുറത്തുവരേണ്ടതിനു, വാഗ്ദത്തപൂർത്തീകരണത്തിനായി അവിടുന്ന് ചിലപ്പോൾ പെങ്ങളുടെ മകനെയും ഉപയോഗിക്കാം...

# നിവരെ നിൽക്കുന്ന മനുഷ്യപ്പലകകൾ

ഇവാ. സാബു മാത്യു

*(ഒന്നാം പേജിൽ നിന്നും തുടർച്ച)*

മനുഷ്യനോടുള്ള ദൈവീക ഉദ്ദേശം എത്രമാത്രം വിലയേറിയതാണെന്ന് വചനത്തിലൂടെ മനസ്സിലാക്കുവാൻ കഴിയും. നാം പാപികൾ ആയിരിക്കുമ്പോൾ ദൈവം തന്റെ പരിശുദ്ധാത്മാശക്തിയാൽ കർത്താവ് നിയോഗിക്കപ്പെട്ട ദൈവദാസന്മാർ മാനസാന്തര സുവിശേഷം നമ്മെ അരിയിക്കുകയും ഈ പാപലോകത്തിൽ നിന്ന് നമ്മെ മുറിച്ചെടുത്തു യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ നാം രക്ഷാനിർണ്ണയം പ്രാപിക്കയും അപ്പൊസ്തലന്മാരിലും പ്രാവാചകന്മാരിലും സുവിശേഷകന്മാരാലും ഇടയന്മാരാലും ഉപദേഷ്ടാക്കന്മാരാലും ദൈവവ്യവസ്ഥ പ്രകാരം നമ്മെ പണിതെടുത്തു (എഫെ. 4: 11, 1 കൊരി. 12: 28).

നമ്മുടെ പഴയ പ്രകൃതി ലോകം കാണാതെ പുതിയ പ്രകൃതിയാക്കുവാൻ ദൈവതേജസ്സിന്റെ പ്രഭയായ യേശുക്രിസ്തുവാകുന്ന പൊന്നിനാൽ പൊതിഞ്ഞു (സത്യത്തിന്റെ ഫലമായി നീതിയും വിശുദ്ധിയും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊള്ളുവിൻ എന്ന് അപ്പൊസ്തലൻ പറയുന്നത് നാം ശ്രദ്ധിക്കേണ്ടതാണ് - എഫെ. 4: 24, കൊലോ. 3: 9, 10) പലകകൾ ഒന്നോടൊന്ന് ചേർത്ത് പണിത് നിവരെ നിർത്തിയിരിക്കുന്നു. പലകകൾ നിവരെ നിൽക്കുന്നില്ല എങ്കിൽ വിടവുകൾ ഉണ്ടാകുകയും ആ വിടവിൽകൂടി കാറ്റും പൊടിപടലങ്ങളും കടന്ന് ആലയത്തിലെ ഉപകരണങ്ങൾ മലിനപ്പെടുകയും വിളക്ക് കെട്ടുപോകുകയും ചെയ്യുന്നതിനാൽ ആലയത്തിൽ ഇരുൾ അനുഭവപ്പെടും. അതൊടൊപ്പം ആലയശുശ്രൂഷകൾക്ക് ഭംഗം തട്ടുകയും ചെയ്യും. ആകയാൽ ഇരുട്ടിന്റെ അധികാരിയായ പിശാചിന്റെ ഭരണം തുടർന്നുപോരുന്ന ഈ കാലഘട്ടത്തിൽ ദൈവജനത്തിന് വെളിച്ചം നൽകുന്ന ദൈവവചനത്തിന്റെ ശുശ്രൂഷയിലൂടെ ദൈവജനത്തിന് ആത്മീയ അനുഗ്രഹങ്ങളും വിടുതലുകളും ലഭിക്കേണ്ടതിന് വിളക്ക് കെട്ടുപോകാതെ സൂക്ഷിക്കേണ്ട ആവശ്യകത വളരെയാണ്.

ഉപദേശത്തിലും ജീവിതത്തിലും വിശുദ്ധിയിലും പേർപാടിലും വിടവുകൂടാതെ നിവരെ നിൽക്കുവാൻ നിയമിക്കപ്പെട്ടിരിക്കുന്ന ദൈവമക്കൾ ലോകവും ജഡവും പിശാചും സഭയ്ക്കുള്ളിൽ കയറി നശിപ്പിക്കാതെയും ദൈവനാമം ദുഷിക്കപ്പെടാതെ വിശ്വാസികൾക്ക് അവകാശമായി ലഭിക്കേണ്ട നിത്യത നഷ്ടപ്പെടാതെ കാത്തു സൂക്ഷിക്കേണ്ട കാര്യത്തിൽ നാം വളരെ ശ്രദ്ധാലുക്കളായിരിക്കണം. കൂടാരത്തിലെ പലകകൾ ഒന്നിനോടൊന്ന് ചേർന്ന് നിവരെ നിൽക്കുന്നതുപോലെ വിശ്വാസികൾ നിവരെ നിൽക്കുവാൻ കൃപാലുവായ ദൈവം എല്ലാ ദൈവ മക്കളേയും

## HH Rhythm

*വന്ദനം യേശുപരാ*
*സ്തുതിച്ചിടും ഞാൻ അങ്ങേ*
*മരുഭൂമിയിൽ തളരാതെന്നെ*
*നടത്തുന്നതോർത്തിടുമ്പോൾ...(2)*

*ജീവന്റെ ഉടയവനേ*
*അങ്ങേ ഞാൻ സ്തുതിച്ചിടുന്നു...(2)*
*ജീവകാലം എല്ലാം ഞാൻ*
*അങ്ങയെ ആരാധിക്കും...(2)...*
*വന്ദനം യേശുപരാ*

*മന്നവാ നീ മന്ന തന്നെന്നെ*
*പോഷിപ്പിച്ചതിനാൽ*
*മണ്ണിലും വിണ്ണിലുമായ്*
*അങ്ങേ ഞാൻ ആരാധിക്കും...(2)...*
*വന്ദനം യേശുപരാ*



സിബി തോമസ്

Knowledge Cafe

Jijo Angamaly

# BIBLE QUIZ 18

1. 'മഹാഭക്തൻ' എന്ന് വിശേഷിപ്പിക്കപ്പെട്ട ഗൃഹവിചാരകനാര് ?
2. ലോത്തിന്റെ ഭാര്യയെ ഓർത്തുകൊൾക എന്ന് പറഞ്ഞ ദൈവം 'യഹോവ ഒരു സ്ത്രീയോട് ചെയ്തതു കൂടെ ഓർത്തുകൊള്ളണം' എന്ന് പറഞ്ഞിട്ടുണ്ട്. സ്ത്രീ ആര് ?
3. യാഗപീഠം അഭിഷേകം ചെയ്ത അന്നുതന്നെ വഴിപാട് കൊണ്ടുവന്ന വ്യക്തി ആര് ?
4. 'യഹോവയാൽ എനിക്ക് പുരുഷ പ്രജ ലഭിച്ചു' എന്ന് പറഞ്ഞതാര് ?
5. 'വിവേകമുള്ള പുരുഷൻ' എന്ന് വിശേഷിപ്പിച്ചിരിക്കുന്നതാരെ ?
6. വെള്ളത്തിൽ നിന്നും വെള്ളത്താലും ഉളവായതെന്ത് ?
7. ഗിദെയോന്റെ പേര് മാറ്റിയതാര് ?
8. ഉപവാസത്തിൽ അവസാനിക്കുന്ന പുസ്തകം ?
9. ഹാനോക്കിന്റെ പ്രവചനം രേഖപ്പെടുത്തിയിരിക്കുന്ന പുസ്തകം ഏത് ?
10. കാറ്റിനോട് പ്രവചിച്ച പ്രവാചകനാര് ?

---

1. He is in charge of the palace and he feared the LORD greatly. Who is he?
2. God who said "remember Lot's wife" also said to "remember what the LORD your God did" to another lady. Who is she?
3. Name the person who offered his offering on the first day of the dedication of the altar.
4. "I have acquired a man from the LORD. Who's statement is this?
5. Who is the 'man of understanding'?
6. 'Standing out of water and in the water' what is it?
7. Who changed the name of Gideon?
8. Name the book which ends with fasting.
9. Name the book where the prophecy of Enoch is recorded.
10. Name the prophet who prophesized to the breath.

# PUZZLE 18

**Find the claims and claim the prize!!**

During Jesus's ministry on earth, He said many things that challenged His listeners. In fact, He often spoke in parables or in metaphors. He used figurative language to relate common objects or concepts with Himself or His Kingdom so that people could better understand His character and purpose.

In the book of John, there are seven times in which Jesus says "I am ____." Each statement gives us a glimpse into God's character and what He's like. One important point: it's imperative to read these "I am" statements in context so we form an accurate understanding of what Jesus was really saying.

- *You may read the gospel of John and find all 7 claims of Christ Jesus*
- *Clue: The first one is in chapter 6 and the last one is in chapter 15.*

E-mail : hhgulfnews@gmail.com Whatsapp : 00973 38383399

ഉത്തരങ്ങൾ നവംബർ 25-ന് മുമ്പായി അയക്കുക

**Kindly send the answers by 25th November**

## WINNERS -17

(Through draw out of correct entries)



**Bible Quiz**

**JOHNCY VESILY**

*IPC PCK CHURCH, KUWAIT*



**Puzzle**

**DANIEL LAL**

*IMMANUEL IPC, Bahrain*

## ശരി ഉത്തരങ്ങൾ Issue #17 - October 2018

### ബൈബിൾ ക്വിസ്

1. ഒബദ്യാവ് – 1 Kings 18:12
2. യെഹസ്കേൽ 18 – 18:4, 20
3. തെസ്സലോനിക്യ – 1 Thessalonians 2: 7
4. മരണം – Revalation 6: 8
5. ഹബക്കൂക്ക് – Hebrews 3: 19
6. ശൗൽ – 1 Samuel 11: 7
7. ശൗൽ, യോനാഥാൻ – 2 Samuel 21: 12þ14
8. മല്ക്കിസേദെക്ക് – Hebrews 7: 3
9. ഹാമാൻ – Esther 8: 5
10. ദൈവപുത്രന്മാരുടെ – Romans 8: 19

### Puzzle

**BETHLEHEM**

1. Benjamin (Genesis 35:18)
2. Ebenezer (1 Samuel 7:12)
3. Thomas (John 20:24)
4. Hannah (1 Samuel 1:15)
5. Lot (Genesis 19:18-22)
6. Esther (Esther 2:17)
7. Herod Matthew 14:3-11)
8. Elijah(1 Kings 17:1
9. Methuselah (Genesis 5:25)

## KINDLY NOTE A FEW IMPORTANT POINTS

*The prime aim behind Hello Hope Knowledge Cafe is to encourage everybody to have a deep knowledge of the Word of God. We are happy to get a great response as we receive hundreds of entries for each issue and the names of those who send correct answers are published accordingly. Quiz Master is dedicating his time and a lot of effort in preparing it. Let us request your attention to the following points upon our feedback:*

1. Kindly do not send answers in the names of your children, if the answers are found by the parents. By doing so, an opportunity for your children to learn the Word of God will be lost. We may also contact the sender in case of doubtful entries for the sake of children.
2. Do not share the answers with others until the next issue comes out.
3. Eventhough, it's fair to discuss with others to find the answers, do not try to copy the answers found by someone else.
4. We were surprised to see forwarded answers without deleting the original names.
5. If we can get appreciation certificate by our faithful acts before God, it will be a great example for others.

## Bible Quiz & Puzzle
## Those who sent correct answers

Issue 17

1. Scici Jaison, New India Church of God, Aroor, Ernakulam
2. Varghese Mathai – Horeb Christian Assembly Church, Karukachal
3. Sherija Josh, IPC Parassala
4. Shiny S. Simon, AG Church, Neyyattinkara, Trivandrum
5. Siji Joy, IPC Thekkumbhagam, Thodupuzha
6. K.J. Johnson, IPC Hebron
7. Sherin Varghese, Nirmal Ministries, Nepal
8. Benson Joseph, Brethren Assembly, Mavelikkara
9. Suja James, Church of God, Kuwait
10. Sandra Ann Mathew, IPC Peniel
11. Alice George, The Full Gospel Church of Suvartha
12. Annie Abraham, IPC Immanuel
13. Mary Francis, IPC Immanuel
14. Suma Sunny, IPC Immanuel
15. Daniel Eappachan, HISGA Church of God, Riyadh, KSA
16. Suja Thomas, IPC Bethesda
17. Reji Poulose, IPC Bethesda
18. Jolly Yesudasan, IPC Bethesda
19. Soja Babychayan, IPC Bethesda
20. Alfi B.S, IPC Bethesda
21. Ruth Ann John, IPC Bethesda
22. Lizy Varghese, Sharon Fellowship Church
23. Metty Shibu, Sharon Fellowship Church
24. Mini Ponnachan, IPC Bahrain
25. Princy Nidhin, IPC Bahrain
26. Daisy Varghese, New India COG, Gwalior, Madhya Pradesh
27. Jessy Anish, Immanuel Church, KSA
28. Feba Mariyam Varghese, Immanuel Global Mission, Dublin, Ireland
29. Samuel Sam John, St.Thomas Evangelical Church
30. Alice Issac Sunny, Church of South India, Christ Church, Mavelikkara
31. Sunil Silvester, Independent COG, Alapuzha
32. Sajini Brijesh, COGFG Prayer Fellowship
33. Lijo Arocky, IPC Bersheba, Anchuthengu, Trivandrum
34. Geena K.Reji, IPC Bethesda Worship Centre, Kumarapalayam, Erode
35. Johncy Vesily, IPC PCK Church, Kuwait
36. Anie Mathew, CGFG Subhash Nagar, New Delhi
37. Sabitha Sujith, CGFG Subhash Nagar, New Delhi
38. Sindhu Joshi, Bahrain Church of Living God
39. John K. Paul, IPC Abudhabi
40. Ann Elizabeth George, AG Church
41. Alice Varghese, Church of God Full Gospel
42. Jeena Tiju, Church of God Full Gospel
43. Lincy Roopesh, Church of God Full Gospel
44. Annie Johnson, Manama Brethren Assembly
45. Gibu C. Jose, Manama Brethren Assembly
46. Manju Nevin, IPC Bethel
47. Ajeena Dileesh, IPC Bethel
48. Sini Binu, IPC Bethel
49. Blessy Blesson, Indian Revival Assembly
50. Susan Shaji, Gilgal COG, Sharjah
51. July Binu, Believers Brethren Assembly
52. Radhakrishnan, IPC Tamil Church

## Puzzle Only

1. Sneha Grace Oommen, The Full Gospel Church of Philadelphia
2. Grace George, IPC Hebron
3. Ann Mary Mathew, IPC Hebron
4. Aksa Mary Mathew, IPC Hebron
5. Chris John Johnson, IPC Hebron
6. Ansa Shalu, IPC Hebron
7. Janet K. John, IPC Peniel
8. Feby Ann John, IPC Peniel
9. Leji Jibin, IPC Peniel
10. Reshma Jerin, The Full Gospel Church of Suvartha
11. Blessy Mary Jacob, The Full Gospel Church of Suvartha
12. Helen Grace, Christ Church International
13. Daniel Lal, IPC Immanuel
14. Annie Regi, IPC Immanuel
15. Alby Jinu Abraham, IPC Bethesda
16. Bettina Benny, IPC Bethesda
17. Ambili Thomas, IPC Bethesda
18. Aksa Thomas, IPC Bethesda
19. Esther Anna Thomas, IPC Bethesda
20. Feby Hanna Reji, IPC Bethesda
21. Anugraha Anna Anil, IPC Bethesda
22. Arya Anil, Sharon Fellowship Church
23. Aadarsh Anil, Sharon Fellowship Church
24. Rincy Gracy Roy, Sharon Fellowship Church
25. Rachel K. George, Immanuel Gospel Church
26. Siju P. Rajan, Immanuel Gospel Church
27. Dawn Ann Manoj, IPC Bahrain
28. Denna Rosen Manoj, IPC Bahrain
29. Danny T. Manoj, IPC Bahrain
30. Nissy Saju, IPC Bahrain
31. Shiji Sijo, St.Thomas Evangelical Church
32. Emmanual Jis, Bahrain Church of Living God
33. Ansa Saju, Bahrain Church of Living God
34. Aaron Saju, Bahrain Church of Living God
35. Ezekiel Viswas Thomas, AG Church
36. Ethan Viswas Thomas, AG Church
37. Achsah Yacob, AG Church
38. Daniel Thomas, AG Church
39. Esther Sarah Viswas, AG Church
40. Elona Sara Philip, AG Church
41. Aksa Sam, IPC Shalom
42. Ansley Mariam Sam, IPC Shalom
43. Kunjumol Sajan, Grace Family International Church
44. Saumya Thomas, Church of God, A'ali
45. Aaron Johnson, Ghafool Brethren Assembly
46. Johan Koshy Shibu, The Heavenly Worship Centre
47. Joanna Susan Shibu, The Heavenly Worship Centre

## Bible Quiz only

1. Beena Mathew, IPC Hebron
2. Jancy Stijo, IPC Peniel
3. Sally Mathew, IPC Peniel
4. Anitha Roy, Christ Church International
5. Annamma Varghese, IPC Bethesda
6. Kunjumol Saji, COGFG Prayer Fellowship
7. Ani Satheesh, IPC Ebenezer, Poovathoor, Pullad, Pathanamthitta
8. Mary Thomas, Bahrain Church of Living God
9. Elsy Thomas, AG Church
10. John Joseph, AG Church
11. Job Sunny, Church of God Full Gospel
12. Jermit Rony, Revival Fellowship Church

### ബൈബിൾ ക്വിസ്/പസിൽ നിബന്ധനകൾ

1. ബൈബിൾ ക്വിസ്/പസിൽ സംബന്ധിച്ച് അന്തിമ തീരുമാനങ്ങൾ മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും
2. ഏത് പ്രായക്കാർക്കും പങ്കെടുക്കാവുന്നതാണ്
3. ഉത്തരങ്ങൾ ഈമെയിലിലോ വാട്സാപ്പിലോ അയക്കാവുന്നതാണ്
4. **ഉത്തരങ്ങൾ അയക്കുന്നവർ പേര്, ഫോട്ടോ, ഉൾപ്പെട്ട് നിൽക്കുന്ന കൂട്ടായ്മ, കോൺടാക്റ്റ് നമ്പർ എന്നിവ കൃത്യമായി എഴുതുക.**
5. ഒന്നിലധികം ശരിയുത്തരങ്ങൾ ഉണ്ടായാൽ നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തുന്നതായിരിക്കും
6. ശരിയുത്തരം അയച്ചവരുടെ പേരുകളും വിജയിയുടെ ഫോട്ടോ ഉൾപ്പെടെ ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്
7. വിജയിക്ക് ആകർഷകമായ സമ്മാനം നൽകുന്നതാണ്
8. പൂർണമല്ലാത്ത ഉത്തരങ്ങൾ പരിഗണിക്കുന്നതല്ല
9. ബൈബിൾ ക്വിസിന്റെ ഉത്തരങ്ങൾ റഫറൻസ് ഉൾപ്പെടെ അയക്കണം
10. ബൈബിൾ ക്വിസിനും പസിലിനും വെവ്വേറെ സമ്മാനങ്ങൾ നൽകുന്നതാണ്.
11. ശരിയുത്തരമയക്കുന്ന എല്ലാവർക്കും *HH Appreciation Certificate* ലഭിക്കുന്നതാണ്

### Bible Quiz/Puzzle Terms & Conditions

1. Quiz Master's decision will be final.
2. There is no age limit for participation.
3. Answers can be sent by e-mail and whatsapp.
4. Kindly send name, photo, church and contact number along with answers.
5. Winners will be selected through a draw in case there are more than one correct entry.
6. Winners name and photo will be published in next issue.
7. Attractive prizes will be awarded to winners.
8. Incomplete answers will not be entertained.
9. Bible Quiz answers should be sent along with reference.
10. There will be separate prizes for both Bible Quiz and Puzzle.
11. All those who send correct answers will receive HH Appreciation Certificate.






പാസ്റ്റർ ജി.പി. നിശ്ചൽ റോയി
തിരുവനന്തപുരം

## 1 ശമുവേൽ

*അനുവാചകർക്ക് ക്രിസ്തുയേശുവിൽ സ്നേഹവന്ദനം!*

മനുഷ്യനവന്റെ മസ്തിഷ്ക മദനപാടവം കൊണ്ട് മനസ്സിലാക്കാൻ കഴിയാത്ത മഹൽസത്തായ മഹാദൈവം മനസലിഞ്ഞ് തന്റെ അസ്തിത്വവും വ്യക്തിത്വവും വെളിപ്പെടുത്തിയ അത്യുത്തമ ഗ്രന്ഥമായ വിശുദ്ധ ബൈബിളിലെ 9-ാമത്തെ പുസ്തകമാണ് ശമുവേൽ എഴുതിയ ഒന്നാം പുസ്തകം. ചരിത്രപ്രാധാന്യം കൊണ്ട് ബൃഹത്തായ ഈ ഗ്രന്ഥം പഠനവിധേയമാക്കുന്നത്, യിസ്രയേൽ എന്ന രാജ്യത്തിന്റെ വളർച്ചയുടെ 'രണ്ടാം ഘട്ടം' എന്ന വിഷയത്തെക്കുറിച്ച് ആഴമായി മനസ്സിലാക്കാൻ സാധിക്കും.

നേരില്ലാത്ത ഊരിൽ നിന്നും നേരുള്ള ദൈവത്തിന്റെ വിളി കേട്ടിറങ്ങി തിരിച്ച അബ്രഹാമിൽ തുടങ്ങി, 'ഞങ്ങൾക്കൊരു രാജാവിനെ വേണം' എന്നുച്ചരിച്ച് ദൈവീക ഭരണത്തിന് അന്ത്യം കുറിച്ചതുവരെയുള്ള ഒന്നാം ഘട്ടം. തുടർന്നു കീശിന്റെ മകനായ ശൗലിൽ തുടങ്ങിയുള്ള രണ്ടാം ഘട്ടം, ഇങ്ങനെ പോകുന്നു യിസ്രായേലിന്റെ ചരിത്ര വിസ്മയങ്ങൾ.

യിസ്രായേലിലെ രാജവാഴ്ചയുടെ 500 വർഷക്കാലത്തെ ചരിത്രം ഈ ഗ്രന്ഥത്തിൽ ആരംഭിക്കുകയാണ്. ജീവചരിത്രത്തിന്റെ ആകർഷകമായ ആവരണമണിയിച്ചാണ് ഈ ഗ്രന്ഥത്തെ എഴുത്തുകാരൻ അവതരിപ്പിച്ചിട്ടുള്ളത്. യിസ്രായേലിന്റെ രാജവാഴ്ചക്കാലം ദാവീദിന്റേയും ശൗലിന്റേയും വൃത്താന്തങ്ങൾ ശലോമോന്റെ കാലത്തും ശമുവേലിനെ സംബന്ധിച്ചുള്ളവ നമുക്ക് വിവരിച്ചു നല്കുന്ന 6 പുസ്തകങ്ങൾ ഇതിനാൽ ഈ ഗ്രന്ഥത്തിൽ നിന്നാണ് ആരംഭിക്കുന്നത്.

എബ്രായ കാനോനിൽ മുൻകാലങ്ങ പ്രവാചകന്മാരുടെ ഗണത്തിലെ മൂന്നാം ഗ്രന്ഥമാണ് ശമുവേലിന്റെ പുസ്തകങ്ങൾ. 1,2 പുസ്തകങ്ങൾ ഒന്നായിട്ടാണ് ക്രോഡീകരിച്ചിരുന്നത്. ഗ്രീക്ക് സെപ്റ്റുവജന്റാണ് അതിനെ രണ്ടായി പിരിച്ചത്. യവനായ പരിഭാഷയിലും ലാറ്റിൻ വൾഗേറ്റിലും, ശമുവേലിന്റെ രണ്ട് പുസ്തകങ്ങളും, രാജാക്കന്മാരുടെ രണ്ട് പുസ്തകങ്ങളും ചേർന്ന് രാജ്യങ്ങളുടെ പുസ്തകങ്ങൾ 1-1 എന്നാണ്. എബ്രായ കൈയെഴുത്തു പ്രതികളിൽ ഉണ്ടായിരുന്ന ശീർഷകമാണ് ഇംഗ്ലീഷ്, മലയാളം ഭാഷാന്തരങ്ങളിൽ ചേർത്തിരിക്കുന്നത്.

### ഗ്രന്ഥകർതൃത്വവും കാലവും

ഈ ഗ്രന്ഥത്തിന് ഉപോദ്ബലകങ്ങളായ ആഭ്യന്തര ബാഹ്യ തെളിവുകൾ വളരെ വിരളമാണ്. യെഹൂദ പാരമ്പര്യമനുസരിച്ച് പ്രവാചകനായ ശമുവേൽ തന്നെയാണ് ഇതിന്റെ ഗ്രന്ഥകർത്താവ്. തൽമൂദ് 14 പ്രകാരം 1,2 ശമുവേലും ന്യായാധിപന്മാരുടെ പുസ്തകവും രൂത്തും ശമുവേൽ പ്രവാചകൻ എഴുതി എന്ന് തന്നെയാണ് പറയുന്നത്. ബി.സി 1204-1035 കാലഘട്ടത്തിൽ പാസ്തീനിൽ വച്ച് ശമുവേലിനാലും കൂടാതെ ദാവീദോ, നാഥാൻ പ്രവാചകനോ, ഗാദ് പ്രവാചകനോ എഴുതിയെന്നും ചില വേദപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

ദാവീദിന്റേയും ശൗലിന്റേയും വൃത്താന്തങ്ങൾ ശലോമോന്റെ കാലത്തും ശമുവേലിനെ സംബന്ധിച്ചുള്ളവ 8-ാം നൂറ്റാണ്ടിൽ രൂപപ്പെട്ടു എന്നും അവയുടെ ഏകീകരണം ഒരു നൂറ്റാണ്ടിനു ശേഷം സംഭവിച്ചു എന്നും 'ലിബറൽ' ചിന്തകന്മാർ സിദ്ധാന്തിക്കുന്നു.

### ഗ്രന്ഥോദ്ദേശം

വിശുദ്ധവേദപുസ്തകത്തിലെ പഴയ നിയമ ചരിത്ര ഗ്രന്ഥങ്ങൾ പുതിയ നിയമ വിശ്വാസികൾക്ക് ബുദ്ധി ഉപദേശത്തിനും പ്രബോധനത്തിനും പ്രോത്സാഹനത്തിനും വേണ്ടിയാണ് നല്കപ്പെട്ടിരിക്കുന്നത് (റോമ.14:4, 1 കൊരി.10:11). യിസ്രായേലിൽ രാജവാഴ്ചയുടെ വ്യവസ്ഥാപനം വ്യക്തമാക്കുകയാണ് ഈ പുസ്തകങ്ങളുടെ പ്രധാന ഉദ്ദേശം. ന്യായാധിപന്മാരിൽ നിന്നും രാജവാഴ്ചയിലേക്ക് ഭരണം കൈമാറുന്ന ചരിത്രം ഈ ഗ്രന്ഥം വിവരിക്കുന്നു.

### ഗ്രന്ഥവിശകലനം

ദൈവഭക്തയായ ഒരു സ്ത്രീയുടെ മനമുരുകിയുള്ള പ്രാർത്ഥനയോടുകൂടി ആരംഭിക്കുന്ന ഗ്രന്ഥം, പ്രാർത്ഥനക്ക് കിട്ടിയ മറുപടിയായ ശമുവേലിലൂടെയാണ് ചരിത്ര വിശകലനത്തിന് നാമ്പിടുന്നത്. വിശ്വാസത്തിന്റെ ദഹനശാലയിൽ ഉരുക്കിയെടുത്ത അത്ഭുതമനുഷ്യരായ യിസ്രായേൽ ജനത്തിന്റെ അവസാനത്തെ ന്യായാധിപനായ ശമുവേലിന്റെ മരണശേഷം ആദ്യ രാജാവായ ശൗലും, മധുരഗായകനായ ദാവീദും ദൈവീക ഉദ്ദേശത്താൽ നിറഞ്ഞാടിയ ഗ്രന്ഥത്തിൽ പുരോഹിതനായ ഏലിയും, യോനാഥാനും മീഖളും ശ്രദ്ധിക്കപ്പെടുന്ന കഥാപാത്രങ്ങളായി വിരചിച്ചു.

### പ്രധാന വ്യക്തികൾ

#### ശമുവേൽ

പൗരോഹിത്യ ശുശ്രൂഷയിലൂടെ പ്രവാചക ശ്രേഷ്ഠനായി ന്യായാധിപവൃത്തിയിൽ വെന്നികൊടി പാറിച്ചുകൊണ്ട് അജയ്യനായി തിളങ്ങിയ അതുല്ല്യപ്രതിഭ. എഫ്രയീം മലനാട്ടിൽ രാമാഥയീം സോഫീമിൽ എല്ക്കാനയുടേയും ഹന്നയുടേയും മൂത്തമകനായ് 'ദൈവം കേട്ടു' എന്നർത്ഥം വരുന്ന ശമുവേൽ ജനിച്ചു. ബാല്യത്തിൽ തന്നെ ഏഫോദ് ധരിച്ചു കൊണ്ട് യഹോവയുടെ സന്നിധിയിൽ ശുശ്രൂഷ ചെയ്തുവന്നവൻ, യിസ്രായേലിന്റെ രാജാക്കന്മാരായ ശൗൽ, ദാവീദ് എന്നിവരെ അഭിഷേകം ചെയ്വാൻ ദൈവത്താൽ നിയോഗിക്കപ്പെട്ടവൻ, ശമുവേലിന്റെ സ്വഭാവത്തിൽ സവിശേഷ പാത്രമാകുന്നത് അദ്ദേഹത്തിന്റെ ഭക്തി തന്നെയാണ്. ആജീവനാന്തം യഹോവയെ സേവിച്ചവൻ.

'ഇതാ ഞാൻ ഇവിടെ നില്ക്കുന്നു ഞാൻ ഒരുത്തന്റെ കാളയെ അപഹരിച്ചിട്ടുണ്ടോ? ഒരുത്തന്റെ കഴുതയെ അപഹരിച്ചിട്ടുണ്ടോ? ഞാൻ വല്ലവനേയും ചതിച്ചിട്ടുണ്ടോ?...തുടങ്ങിയുള്ള കറ തീർന്ന ഭക്ത പ്രമാണങ്ങൾ ഉരിവിട്ടുകൊണ്ട് താൻ നടത്തിയ വിടവാങ്ങൽ പ്രസംഗം യിസ്രായേൽ മക്കളുടെ ഹൃദയങ്ങളെ തൊട്ടുണർത്തുക മാത്രമല്ല തന്റെ ജീവിതത്തിൽ ചോദ്യം ചെയ്യപ്പെടാവുന്നതായി ഒന്നും തന്നെയില്ലാ എന്നും കൂടി തെളിയിക്കുന്നതായിരുന്നു.

#### ശൗൽ

യിസ്രായേലിന്റെ ഒന്നാമത്തെ രാജാവ്. ബെന്യാമീൻ ഗോത്രത്തിൽ കീശ് എന്ന ധനികന്റെ മകനാണ്. 'ദൈവത്തോട് ചോദിച്ചു' എന്നർത്ഥം വരുന്ന ശൗൽ 1 ശമു.9-31 വരെയുള്ള സുദീർഘ അദ്ധ്യായങ്ങൾ ശൗലിന്റെ ചരിത്രങ്ങളാണ്. ദൈവത്താൽ നിയമിതനായി ഭരണം തുടങ്ങിയ പ്രാരംഭകാലങ്ങളിൽ തികച്ചും ദൈവഹിതപ്രകാരമായിരുന്നു. പിന്നീടുള്ള ചരിത്രനാളുകൾ പരതിയാൽ അഹങ്കാരവും മത്സരവും ശാഠ്യവുമുള്ള തീർത്തും പരാജയമായ ജീവിതം ദൈവീകാഭിഷേകത്തിന് പകരം ദുരാത്മാവ് ബാധിക്കപ്പെട്ടവനായി മാറിയ ശൗൽ ഒടുവിൽ ശത്രുവിനാൽ കൊല്ലപ്പെടുവാൻ താല്പര്യമില്ലാതെ ആത്മാഹൂതി ചെയ്യപ്പെടുകയാണുണ്ടായത്. (ശൗൽ എന്ന പേരിൽ വേദപുസ്തകത്തിൽ വേറെ 4 പേർ കൂടിയുണ്ട്. 1. ഉല്പത്തി 36:37. 2. ഉല്പത്തി 46:10. 3. 1 ദിനവൃ.6:24. 4. അപ്പൊ.പ്രവ.13:9 - അപ്പൊസ്തലനായ പൗലോസിന്റെ മറുപേര്)

#### ദാവീദ്

യിസ്രായേലിന്റെ മധുരഗായകൻ എന്ന് വിളിക്കുന്ന ദാവീദ് ബദ്‌ലഹേമ്യനായ യിശ്ശായിയുടെ മകനാണ്. യേശുക്രിസ്തുവിന്റെ വംശാവലിയിൽ പേർ ചേർക്കപ്പെട്ടവൻ. ഇടയൻ, സംഗീതജ്ഞൻ, യോദ്ധാവ്, സാമ്രാജ്യ സ്ഥാപകൻ, വിശ്വസ്ത സുഹൃത്ത്, പാപി, പരിശുദ്ധൻ, പരിജിതനായ പിതാവ്, മാതൃകാ രാജാവ്, മശിഹയുടെ പ്രതിരൂപം എന്നിങ്ങനെ വിവിധ നിലകളിൽ പ്രകാശിക്കുന്ന വ്യക്തിത്വത്തിന്റെ ഉടമ. പ്രിയപ്പെട്ടവൻ, നായകൻ എന്നൊക്കെയാണ് ദാവീദ് എന്ന പേരിന് അർത്ഥം നല്കിയിരിക്കുന്നത്. യിശ്ശായിയുടെ 8-ാമത്തെ പുത്രനും യിസ്രായേലിന്റെ രണ്ടാമത്തെ രാജാവുമായി അറിയപ്പെടുന്ന ദാവീദിന്റെ പേര്, യേശുക്രിസ്തുവിന്റെ പേരു പോലെ തന്നെ ബൈബിളിൽ മറ്റാർക്കും നല്കിയിട്ടില്ല (യിസ്രായേലിന്റെ രാജകീയ ചരിത്രത്തിൽ രണ്ടാമത്തെ രാജാവ് ശൗലിന്റെ നാലാമത്തെ പുത്രനായ എശ്-ബാൽ എന്ന് മുൻ നാമമുള്ള ഈശ്-ബോശത്ത് ആണ്. ഇദ്ദേഹം ശൗലിന്റെ മരണശേഷം രണ്ട് വർഷം യിസ്രായേലിൽ രാജാവായി വാണു. 2 ശമു.2:8-10).

ശമുവേൽ അഭിഷേകം ചെയ്തശേഷം നീണ്ട 10 വർഷത്തിനുശേഷം രാജ്യഭാരം ഏല്ക്കുന്നതുവരെയുള്ള ചരിത്രം തീർത്തും ആത്മസംഘർഷം നിറഞ്ഞതായിരുന്നു. ഏലാ താഴ്‌വരയിൽ ഗത്ത്യനായ ഗോലിയാത്തിനെ കൊന്നതൊഴിച്ചാൽ സന്തോഷിപ്പാനുള്ള സാഹചര്യം ഈ കാലയളവിൽ അധികമൊന്നും ദാവീദിനെ തേടി വന്നില്ല. എങ്കിലും വാഗ്ദത്തത്തിനായി അവൻ ആവലോടെ കാത്തിരുന്നു.

7 വർഷം ഹെബ്രോനിലും 33 വർഷം യിസ്രായേലിലുമായി ദാവീദ് നടത്തിയ 40 വർഷത്തെ ഭരണം യിസ്രായേൽ ചരിത്രത്തിൽ തങ്കലിപികളിൽ എഴുതപ്പെട്ടതാണ്. ദാവീദിന്റെ ഭരണനൈപുണ്യം, പരാക്രമം പോലെ തന്നെ പ്രശംസനീയമാണ്. യേശുക്രിസ്തുവിന്റെ ക്രൂശുമരണം പ്രവചിച്ച പ്രവാചകനായ ദാവീദ് നല്ലൊരു കവിയും ഗായകനുമായിരുന്നു.

### പ്രധാന സ്ഥലങ്ങൾ

ശമുവേലിന്റെ ജന്മസ്ഥലമായി രേഖപ്പെടുത്തിയിരിക്കുന്ന രാമാഥയീം ആണ് ആദ്യം രേഖപ്പെടുത്തിയ സ്ഥലനാമം. പെട്ടകവും സമാഗമന കൂടാരവും ഇരിക്കുന്ന ശീലോവും, യിസ്രായേല്യരുടെ പാപപരിഹാരത്തിനുവേണ്ടി ഉപവസിച്ചു പ്രാർത്ഥിച്ച മിസ്പയും, ശൗലിനെ രാജാവാക്കിയ ഗിൽഗാലും, ദാവീദ് ഫെലിസ്ത്യരെ തോല്പിച്ച ഏലാ താഴ്‌വരയും, ശൗൽ നിമിത്തം ദാവീദ് ഒളിവിൽ പോയ സീൻ, ഏൻ-ഗതി മരുഭൂമികളും, ഭയപ്രയാണം നടത്തിയ ആഖീശിന്റെ ഗത്തും, അമാലേക്കിനെ തോല്പിച്ച സിക്ലാഗും എന്തിനേറെ പറയുന്നു ശൗലും പുത്രന്മാരും കൊല്ലപ്പെട്ട ഗിൽബോവാ പർവ്വതം പോലും 1 ശമുവേലിലെ പ്രധാന സ്ഥലങ്ങൾ തന്നെയാണ്.

### സ്ഥിതിവിവര കണക്കുകൾ

31 അദ്ധ്യായങ്ങളും 810 വാക്യങ്ങളും 157 ചോദ്യങ്ങളും 29 ദൂതുകളും 4 വാഗ്ദത്തങ്ങളും 117 ആജ്ഞകളും 57 മുന്നറിയിപ്പുകളും ദൈവത്തിൽ നിന്നുള്ള 29 പ്രത്യേക ദൂതുകളും നിവർത്തിയായ 50, നിവർത്തിയാക്കപ്പെടേണ്ട ഒന്നും പ്രവചനങ്ങൾ ഉള്ള അനുഗ്രഹിക്കപ്പെട്ട ഗ്രന്ഥമാണ് ബൈബിളിലെ 9-ാമത്തെ പുസ്തകമായ 1 ശമുവേൽ.


BABY SITTING
& DAY CARE
Available in Zinj, Bahrain
Contact: 39129318




# രക്ഷ സുവിശേഷത്താൽ മാത്രം



ഷാജി സി. തോമസ്

ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാട്ടുന്നതേയുള്ളൂ (2 പത്രൊ.3:9). പത്രോസ് യരുശലേമിൽ മാളികമുറിയിൽ കൂടി വന്ന പുരുഷാരത്തിന്റെ ചോദ്യത്തിന് മറുപടിയായി നിങ്ങളുടെ പാപങ്ങൾ മോചിക്കേണ്ടതിന് മാനസാന്തരപ്പെട്ട് ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ. എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും (അപ്പൊ.2:40). 'ഈ വക്രതയുള്ള തലമുറയുടെ നടുവിൽ നിന്ന് രക്ഷിക്കപ്പെടുവീൻ' (അപ്പൊ.2:40).

മാനസാന്തരപ്പെടുക (രക്ഷിക്കപ്പെടൽ) എന്നു പറഞ്ഞാൽ ഒരുവൻ ക്രിസ്തുവിലായി പുതിയ സൃഷ്ടിയായി തീരുന്ന അനുഭവമാണ്. ഇത് ദൈവവചന കേൾവിയാൽ ഒരുവന്റെ ഉള്ളിൽ ഉണ്ടാകുന്ന മാറ്റമാണ്. കെടുന്ന ബീജത്താലല്ല, കെടാത്തതിനാൽ ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്താൽ തന്നെ നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു (1 പത്രൊ.1:23). അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനമേറ്റു അന്നു മൂവായിരത്തോളം പേർ അവനോട് ചേർന്നു. കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തു (അപ്പൊ.2:47). രക്ഷിക്കപ്പെടുന്നവർ കൂടി ചേരുന്നതാണ് പുതിയനിയമ സഭ. കർത്താവ് വരുന്നത് പുതിയനിയമ സഭയെ ചേർക്കുവാനാണ്. അല്ലാത്തതൊന്നും സഭയേ അല്ല, സമുദായം മാത്രം ആകുന്നു. എപ്പിസ്കോപ്പൽ സഭാസംഘങ്ങൾ പഠിപ്പിക്കുന്നത് മോതിരമേകി തിരുസഭയെ മശിഹ വധുവാക്കിയെന്നത്രെ. തിരുവചനം പഠിച്ചാൽ മോതിരമേകിയല്ല മറിച്ച് സ്വന്ത രക്തം ചീന്തി വിലയ്ക്കു വാങ്ങപ്പെട്ടതത്രെ സഭ. പൗലോസ് പറയുന്നു 'ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ'.

പ്രിയ സ്നേഹിതാ, നീ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ അംഗമാണോ എന്ന് ശോധന ചെയ്യേണ്ടത് അത്യാവശ്യമാണ്. അവൻ അവളെ (യേശു സഭയെ) വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിന്നും കറ, ചുളുക്കം മുതലായതൊന്നുമില്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കു തന്നെ തേജസ്സോടെ മുന്നിറുത്തേണ്ടതിന് തന്നെത്താൻ അവൾക്കുവേണ്ടി ഏല്പിച്ചു കൊടുത്തു (എഫെ.5:26-27).

ക്രിസ്തുവിനോട് ചേരുവാൻ സ്നാനമേറ്റിരിക്കുന്ന നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികൾആകാൻ സ്നാനമേറ്റിരിക്കുന്നുവെന്ന് നിങ്ങൾ അറിയുന്നില്ലയോ (റോമ.6:3). സ്നാനം ഏതെങ്കിലും സഭയോട് ചേരുവാനോ അഥവാ ഏതെങ്കിലും പ്രത്യേക ഗ്രൂപ്പിന്റെ നിർദ്ദേശമോ അല്ല. സ്നാനമേൽക്കുന്നത് ക്രിസ്തുവിനോട് ചേരുവാനാണ്. ക്രിസ്തുവിനെ ധരിക്കുവാനാണ് സ്നാനം. ഈ ശുശ്രൂഷ ലോകത്തോടുള്ള ഒരുവന്റെ പരസ്യ പ്രഖ്യാപനമാണ്. കൂടാതെ ക്രിസ്തുവിന്റെ മരണം, അടക്കം, പുനരുത്ഥാനം എന്നിവയോടു ഏകീഭവിക്കുന്ന ശുശ്രൂഷയാണ് സ്നാനം. ഇത് പുതിയ നിയമ സഭയുടെ കാതലായ അടിസ്ഥാന ഉപദേശങ്ങളിൽ ഒന്നാണ്. ദൈവവചനം അനുശാസിക്കുന്ന സ്നാനത്തിനു മാത്രമേ ദൈവം പ്രാധാന്യം കൊടുക്കുന്നുള്ളൂ. വചനത്തിന്റെ വ്യവസ്ഥ വിട്ടിട്ടുള്ള ഒരു സ്നാനത്തിനും ദൈവം വില കല്പിക്കുന്നില്ല.

ഇത് ഗ്രഹിക്കുന്ന പ്രിയരേ, താങ്കൾ ഏതു സമൂഹത്തിലും ജാതിയിലും പിറന്നതായിക്കൊള്ളട്ടെ താങ്കൾ രക്ഷിക്കപ്പെടാത്ത വ്യക്തിയോ? സ്നാപ്പെടാത്ത വ്യക്തിയോ? സുവിശേഷ സത്യങ്ങളെ മനസിലാക്കി അതിൻ പ്രകാരം ജീവിക്കാൻ താങ്കൾ തയ്യാറാകുമോ? എങ്കിൽ താങ്കളുടെ തുടർന്നുള്ള ജീവിതം ഏറ്റവും ശ്രേഷ്ഠവും വിലയേറിയതുമായിരിക്കും.

ദൈവത്തിന് മുഖപക്ഷമില്ല ഏതു ജാതിയിലും അവനെ ഭയപ്പെട്ട് നീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു (അപ്പൊ.10:35). പിന്നെ യേശു അവരോട് നിങ്ങൾ ഭൂലോകം ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ, വിശ്വസിക്കയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർ.16:16). സ്നാനം ജഡികശുദ്ധി വരുത്തുവാനല്ല, മറിച്ച് ദൈവത്തോടുള്ള നല്ല മനസാക്ഷിയ്ക്കായുള്ള അപേക്ഷ കൂടിയാണ് (1 പത്രൊ.3:21).

യേശു പറഞ്ഞു ഇതാ ഞാൻ വേഗം വരുന്നു. ഓരോരുത്തനും അവനവന്റെ പ്രവർത്തിക്കു തക്കവണ്ണം പകരം കൊടുക്കുവാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട് (വെളി.22:12). പ്രിയ സ്നേഹിതരേ, യേശു വരാറായ്. യേശുവിന്റെ വരവിങ്കൽ നീ അവനോടുകൂടെ ചേർക്കപ്പെടുമോ? യേശു കേവലം ക്രിസ്ത്യാനിയെന്ന് സ്വയം പുകൾ കൊള്ളുന്നവരെ ചേർക്കുവാൻ വരുന്നുവെന്ന് നാം തെറ്റിധരിക്കരുത്. പിന്നെയോ യാഗം ചെയ്ത് തന്നോട് നിയമം ചെയ്ത തന്റെ വിശുദ്ധന്മാരെ ചേർക്കുവാനാണ് വരുന്നത് (സങ്കീ.50:5, 1 തെസ്സ.4:16).

രണ്ടു കാര്യങ്ങൾ ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ സംഭവിക്കാം. ഒന്നുകിൽ മരണം അല്ലെങ്കിൽ കർത്താവിന്റെ മടങ്ങിവരവ്. ഒരു കൂട്ടർ ക്രിസ്തുവിൽ ജനിച്ച് ക്രിസ്തുവിൽ ജീവിച്ച് ക്രിസ്തുവിൽ മരിക്കുന്ന വിശുദ്ധന്മാർ. ഇവർ മദ്ധ്യാകാശത്തിൽ വച്ച് കർത്താവിനോട് ചേർക്കപ്പെടുന്നു. ഈ രണ്ടു ഗണത്തിലും പെടാത്തവർ സുവിശേഷ സത്യങ്ങളെ അനുസരിക്കാതെ മരിച്ചുപോകുന്നവരും ജീവനോടിരിക്കുമ്പോൾ ശാപഗ്രസ്തരായി നാശത്തിലേക്ക് പോയ്ക്കൊണ്ടിരിക്കുന്നവരുമാകുന്നു. ഇവരുടെ മരണത്തിൽ യഹോവയ്ക്ക് പ്രസാദമില്ല. ഈ കൂട്ടർ നിത്യശിക്ഷാവിധിക്കും നിത്യനരകത്തിനുമായി വിധിക്കപ്പെട്ടവർ ആകുന്നു. നാമോ, നശിച്ചുപോകുന്നവരുടെ കൂട്ടത്തിലല്ല വിശ്വസിച്ച് ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലാകണം.

നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിലാകുന്നു, അവിടെ നിന്നും കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു. അവൻ സകലവും തനിക്കു കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാര ശക്തികൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും (ഫിലി.3:20). യേശുക്രിസ്തുവിലൂടെയുള്ള രക്ഷ മുഖാന്തിരം നിത്യജീവൻ പ്രാപിക്കാൻ ദൈവം ഏവരേയും സഹായിക്കുമാറാകട്ടെ!

# കത്തിജ്വലിക്കേണ്ട കൈതിരികൾ



ടീയെസ് കപ്പമാംമൂട്ടിൽ

*(ഒന്നാം പേജിൽ നിന്നും തുടർച്ച)*

ഒരു നിമിഷം നിലവിളക്കിലെ ദീപങ്ങൾ അണഞ്ഞുപോയാൽ ആകാശം ഇടിഞ്ഞു വീഴുമൊ എന്ന ചോദ്യം ചിലരുടെ മനസ്സിലെങ്കിലും അങ്കുരിച്ചേക്കാം. ദീവങ്ങൾ അണഞ്ഞുപോകരുതെന്ന് ദൈവം നിഷ്കർഷിച്ചതിന് ഒരു കാരണമുണ്ട്. പ്രാകാരത്തിൽ നടക്കുന്ന ശുശ്രൂഷകൾക്ക് വെളിച്ചമേകുവാൻ സൂര്യപ്രകാശവും അതിവിശുദ്ധസ്ഥലത്തെ പ്രകാശിപ്പിക്കുവാൻ ദൈവിക 'ഷെക്കെയ്ന'യുമുണ്ട്. എന്നാൽ അടച്ചുകെട്ടിയ 'വിശുദ്ധസ്ഥല'ത്തെ വെളിച്ചത്തിന്റെ ഉറവിടം നിലവിളക്കു മാത്രമാണ്. നിലവിളക്കണഞ്ഞാൽ ആരാധനയ്ക്ക് വിഘ്നമുണ്ടാകും. വെളിച്ചമില്ലാത്ത അവസ്ഥയിൽ വിശുദ്ധസ്ഥലത്ത് ശുശ്രൂഷ ചെയ്യുവാൻ പുരോഹിതന്മാർക്കാവില്ല.

ഒലിവെണ്ണ തീർന്നുപോകുന്നതിന്റെ ഫലമായി തിരുനിവാസത്തെ പ്രകാശിപ്പിക്കേണ്ട നിലവിളക്കിലെ ദീപങ്ങൾ അണയുവാൻ ഇടയാകും. വെളിച്ചമില്ലാത്തതിന്റെ പേരിൽ വിശുദ്ധസ്ഥലത്തെ ശുശ്രൂഷകൾക്ക് ഭംഗം സംഭവിക്കുന്നത് എത്ര പരിതാപകരമായ അവസ്ഥയാണ്.

ആധുനിക യുഗത്തിലെ പല സഭകളുടെയും അവസ്ഥയാണിത്. പരിശുദ്ധാത്മാവാകുന്ന എണ്ണയുടെ അഭാവത്തിൽ ആലയത്തെ അന്ധകാരത്തിൽ ആഴ്ത്തികൊണ്ട് പല വിളക്കുകളും അണഞ്ഞു കഴിഞ്ഞിരിക്കുന്നു. മറ്റു വിളക്കുകളിൽ പലതും അപകടകരമായ നിലയിൽ ധൂമപടലങ്ങളുയർത്തിക്കൊണ്ട് കരിന്തിരി കത്തുന്ന അവസ്ഥ. ഇന്നത്തെ പല ആലയങ്ങളിലും വെളിച്ചമില്ലെങ്കിലും ആരാധനയും ശുശ്രൂഷകളും തകർത്തു പൊടിക്കുന്നുണ്ട്. ആരാധനയുടെ പേരിൽ ആലയത്തിലും പൊതുവേദിയിലുമുയർത്തുന്ന പൊള്ളയായ ശബ്ദകോലാഹലങ്ങളും കാട്ടിക്കൂട്ടുന്ന കൂത്തുകാഴ്ചകളും ആസ്വദിക്കുന്നവർ പലരുമുണ്ടായേക്കാമെങ്കിലും സ്വർഗ്ഗസ്ഥനായ ദൈവം അവയെക്കെതിരെ അറപ്പോടെ മുഖം തിരിക്കുകയാണ്.

ആലയത്തെ വീണ്ടും പ്രകാശപൂരിതമാക്കുവാൻ അണഞ്ഞുപോയ വിളക്കുകളിൽ എണ്ണ പകരുവാനായി യാഹോം ദൈവത്തോട് കണ്ണുനീരോടെ നമുക്കു യാചിക്കാം. മനസ്സലിവുള്ളവനാണ് യാഹോം ദൈവം. നമ്മുടെ യാചനയെ അവിടുന്ന് ഒരിക്കലും തളളിക്കളയുകയില്ല.

## കർത്താവിൽ നിദ്ര പ്രാപിച്ചവർ



**മറിയാമ്മ ചാക്കോ**

**(അമ്മിണി) 63**

Mother of
Sis. Finu Siju
( Mother-in-law of
Pastor Siju John)
IPC Hopeshore Church
Bahrain




# പരസ്യമായി പങ്കുവെക്കാൻ കഴിയാത്ത പ്രാർത്ഥനാ വിഷയങ്ങളുമായി നിങ്ങൾ ഭാരപ്പെടുന്നുവോ?

ദൈവഹിത പ്രകാരം ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണെങ്കിൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എന്നാൽ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവൻ നിങ്ങളുടെ വിഷയങ്ങളിൽ തീർപ്പുകൽപ്പിക്കും.

**Hello Hope Prayer Cell**

+973 3355 2886
+973 3933 6575
+973 3838 3399
+973 1787 71 71
hhgulfnews@gmail.com

പ്രാർത്ഥനാവിഷയങ്ങളും വ്യക്തികളേയും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

"ഹലോ ഹോപ്പ്" ജേർണലിൽ വരുന്ന എല്ലാ ലേഖനങ്ങളിലേയും പതിവ് പംക്തികളിലേയും പരസ്യങ്ങളിലേയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും പൂർണ ഉത്തരവാദിത്ത്വം എഴുത്തുകാർക്കും പരസ്യദാതാക്കൾക്കും മാത്രമാണ്.

-എഡിറ്റർ-

Views and opinions expressed in various articles, features and advertisements in "Hello Hope" are only of the writers and advertisers and not necessarily of the publishers.

-Editor-

**സ്ഥലപരിമിതി മൂലം വളരെയധികം ലേഖനങ്ങളും മറ്റ് രചനകളും ഈ ലക്കത്തിലും ചേർക്കാൻ കഴിയാതെ പോയതിൽ ഖേദിക്കുന്നു.**

**നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾക്ക് എഴുതുക:**

**Hello Hope Journal**
**P.O. Box :10489**
**Kingdom of Bahrain**
**hhgulfnews@gmail .com**
**00973 38383399**

*HH Inbox*


**ഹലോ ഹോപ്പിൽ നിങ്ങളുടെ ചർച്ചിന്റെ സ്പെഷ്യൽ മീറ്റിംഗുകൾ, കൺവെൻഷനുകൾ, മാട്രിമോണിയൽ, ബർത്ത്ഡേ വിഷസ്, വെഡിംഗ് ആനിവേഴ്സറി, മറ്റു പരസ്യങ്ങൾ മുതലായവ മിതമായ നിരക്കിൽ പ്രസിദ്ധീകരിക്കാവുന്നതാണ്.**

Contact:
**+973 33552886**



HH STEERING

Managing & Responsible Editor: **Dr. Cherian Mathews**, Chief Editor: **Rajeev Stuvert**, Creative Editor: **Georgekutty Sebastian**
Correspondents: **Roy Mathews, Joju Joseph, Anil Thomas, Shalvi George, Jibin Mathew,** Printed & Published by: Phoenix Publishing House, 2A Princeton, Skyline Ivy League, Kakkanad, Kochi, Kerala, India, Pin 682030 Tel: +91 9947877914
Licence# RNI No.KERMAL/2017/469833/ERN



© Copyright reserved. The concept and content of this publication remain the exclusive property of Phoenix Publishing House and must not be reproduced in any form whatsoever without prior permission. Every effort has been made to ensure the accuracy of the information contained in this publication. However, Phoenix Publishihg House cannot accept legal responsibilty for any error or omission.



Exclusive Gulf Representative
فينكس للتسويق والإبداع ذ.م.م
PHOENIX
MARKETING & CREATIONS W.L.L

P.O. Box 10489, Kingdom of Bahrain, Tel: 39336575, hhgulfnews@gmail.com

For Private Circulation only